മാധ്യമം ● ഞായർ ● 31 ജൂലൈ 2016 ● ലക്കം 1474

# വാരാദ്യ മാധ്യമം

varadyam@madhyamam.in



# കുഞ്ഞുമോൻെറ കാമുകി

● കോവൂർ കുഞ്ഞുമോൻ എം.എൽ.എ ശാസ്താംകോട്ട തടാകത്തിനരികെ — ചിത്രം: ആൽഫാ ജെയിംസ്

**ലോകത്ത് ശുദ്ധജലതടാകങ്ങൾ അപൂർവമാണ്, അതിലൊന്ന് നമ്മുടെ ശാസ്താംകോട്ട തടാകമാണ്. എന്നാൽ, മണ്ണൊലിപ്പും ജലമൂറ്റും കൊണ്ട് ആ തടാകം ഇന്ന് നാശോന്മുഖമാണ്. തടാകത്തെ സംരക്ഷിക്കാൻ നിയമസഭക്കകത്തും പുറത്തും ഒരു എം.എൽ.എ നടത്തുന്ന ജീവിതസമരം...**

സെയ്ഫ് ചക്കുവള്ളി

കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരംഗം വിവാഹം കഴിച്ചുകൊള്ളാമെന്ന് സഭ മുമ്പാകെ ഉറപ്പുനൽകിയ ദിവസമായിരുന്നു 2016 ജൂലൈ 15. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ശാസ്താംകോട്ട തടാകം ഉൾക്കൊള്ളുന്ന കുന്നത്തൂർ നിയോജകമണ്ഡലത്തെ കഴിഞ്ഞ 15 വർഷത്തിലധികമായി പ്രതിനിധാനം ചെയ്യുന്ന കോവൂർ കുഞ്ഞുമോൻ ആയിരുന്നു ആ നിയമസഭാ സാമാജികൻ. ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട 2001 മുതൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിൻെറ സമഗ്ര സംരക്ഷണത്തിനായി നിയമസഭയിലും പുറത്തും ശ്രദ്ധക്ഷണിക്കൽ മുതൽ നിരാഹാരം വരെയുള്ള രീതികൾ പയറ്റിത്തോറ്റ കോവൂർ തൻെറ നിത്യകാമുകിയായ തടാകത്തിൻെറ ആരോഗ്യവും സൗന്ദര്യവും നിലനിർത്തുമെന്ന് ഉറപ്പാക്കിയാലല്ലാതെ വിവാഹം കഴിക്കില്ലെന്ന് പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും സ്പീക്കർ ശ്രീരാമകൃഷ്ണനും ഉടൻ ഇടപെട്ടു. തടാകസംരക്ഷണത്തിനായി സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപവത്കരിക്കാമെന്ന് മുഖ്യമന്ത്രി സഭ മുമ്പാകെ കുന്നത്തൂരിൻെറ എം.എൽ.എക്ക് ഉറപ്പുനൽകി.

പിന്നെ മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും സ്പീക്കർക്കും വേണ്ടത് ഈ സാമാജികനിൽനിന്നുള്ള ഉറപ്പായിരുന്നു. താമസംവിനാ കല്യാണം കഴിച്ചോളാമെന്ന ഉറപ്പ്. സഭ ഒന്നടങ്കം ഈ ആവശ്യമുന്നയിച്ചപ്പോൾ ആ 'ക്രോണിക് ബാച്ച്ലർ' പ്രഖ്യാപിച്ചു:

'ഞാൻ ഉടൻ വിവാഹം കഴിച്ചുകൊള്ളാം...'

കേരള നിയമസഭയെ ചിരിയിൽ മുക്കിയ ഈ സംഭവത്തിന് നമ്മൾ കേട്ടതിലും അറിഞ്ഞതിലും അപ്പുറമുള്ള ചില അർഥതലങ്ങളുണ്ട്. മറ്റേതെങ്കിലും രാജ്യത്തായിരുന്നെങ്കിൽ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കപ്പെടുമായിരുന്ന ഒരു അത്യപൂർവ ജലസ്രോതസ്സ് പതിറ്റാണ്ടുകളായി അവസാനത്തോടടുക്കുകയാണ്.

അനിയന്ത്രിതമായ ജലചൂഷണവും മണ്ണൊലിപ്പും മലിനീകരണവും കുറ്റകരമായ അവഗണനയും ചേർന്ന് ഒരു തടാകത്തെ കൊല്ലാക്കൊല ചെയ്യുമ്പോൾ മനസ്സാക്ഷി മരവിച്ചിട്ടില്ലാത്തൊരു ജനപ്രതിനിധിക്ക് ആ പ്രകൃതിസമ്പത്തിനെ സ്വന്തം കാമുകിയായി കണ്ട് സ്വയം സമർപ്പിക്കാനല്ലാതെ മറ്റെന്തിനാണ് കഴിയുക?

'സംരക്ഷിക്കപ്പെടേണ്ട നീർത്തടങ്ങളുടെ പട്ടിക തയാറാക്കുന്ന അന്താരാഷ്ട്ര സംവിധാനമായ 'റാംസർ കൺവെൻഷൻ' 2012 ആഗസ്റ്റ് 19ന് ശാസ്താംകോട്ട ശുദ്ധജല തടാകത്തെ 1212ാം നമ്പർ ഇനമായി ഉൾപ്പെടുത്തിയതാണ്. ഇതോടെ സംരക്ഷിക്കപ്പെടാൻ നിയമപരമായ അവകാശം ഈ തടാകത്തിന് വന്നുചേർന്നു. മഴയൊഴികെ പുറമേക്കുള്ള ഒരു ജലസ്രോതസ്സുമായും ബന്ധമില്ലാതെ 38 കുറ്റൻ കുന്നുകൾക്ക് നടുവിലായാണ് തടാകം സ്ഥിതിചെയ്യുന്നത്. പ്രകൃതിരമണീയമായ ഈ തടാകത്തെ മരണക്കയത്തിൽനിന്ന് രക്ഷിച്ചെടുക്കേണ്ടത് ഓരോ സുമനസ്സുകളുടെയും കടമയാണ്. കഴിഞ്ഞ 15 വർഷത്തിനിടെ നിയമസഭയിൽ ഞാൻ അവതരിപ്പിച്ച അറുപതിലധികം ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ നിരാഹാരസമരവുമെല്ലാം പാഴ്വേലയാവുകയായിരുന്നു. ഒരാത്മസമർപ്പണം എന്ന നിലയിൽ തടാകത്തിനുവേണ്ടി വിവാഹം വേണ്ടന്നുവെക്കുക എന്ന സമരമാർഗം സ്വീകരിക്കാൻ ഞാൻ നിർബന്ധിതനായതും ഈ പശ്ചാത്തലത്തിലാണ്'. യന്ത്രവത്കൃത യാനങ്ങൾക്ക് നിരോധമുള്ള ശാസ്താംകോട്ട തടാകത്തിൽ യാത്രാവള്ളത്തിൻെറ അണിയത്തിരുന്നാണ് കോവൂർ കുഞ്ഞുമോൻ എം.എൽ.എ നിസ്സഹായതയും നിശ്ചയദാർഢ്യവും നിഴലിക്കുന്ന ഈ വാക്കുകൾ പറഞ്ഞത്.

തലമുറകളായി ജലസമൃദ്ധിയോടെ നിലനിൽക്കുന്ന തടാകം വറ്റുമെന്ന് നാട്ടുകാർക്ക് ബോധ്യമായത് 1997ലെ വേനൽക്കാലത്താണ്. അന്ന് മുതുപിലാക്കാട് ഭാഗത്തെ ഹെക്ടറുകളോളം തടാകം വറ്റി കരതെളിഞ്ഞ് പുല്ലുകിളർത്തു. മഴ വന്നപ്പോൾ പഴയ സ്ഥിതിയിൽ എത്തിയെങ്കിലും മൂന്നാണ്ടിനുശേഷം വന്ന വേനൽ മുതൽ ഇന്നുവരെയും തടാകം വർഷാവർഷം വറ്റുകയാണ്. 1978ൽ 413.29 ഹെക്ടറായിരുന്നു തടാകത്തിൻെറ വിസ്തൃതിയെങ്കിൽ ഇന്ന് അത് കേവലം 328 ഹെക്ടർ മാത്രമാണ്. അന്ന് 22 മീറ്റർ ശരാശരി ആഴം ഉണ്ടായിരുന്നത് 38 വർഷങ്ങൾക്കുശേഷം ശരാശരി എട്ടു മീറ്റർ ആയിരിക്കുന്നു.

വേനലിന് തിടംവെക്കുമ്പോൾ തടാകത്തിലെ ജലനിരപ്പ് പ്രതിദിനം ഒരു സെൻറിമീറ്റർ കണ്ട് കുറയുന്നതായി ഭൗമശാസ്ത്ര പഠനകേന്ദ്രം നടത്തിയ പഠനത്തിൽ തെളിഞ്ഞതാണ്. ഇപ്പോൾ തടാകത്തിലെ ജലനിരപ്പ് സമുദ്രനിരപ്പിൽനിന്ന് ഒന്നരമീറ്ററോളം താഴെയാണ്. ഈ പ്രതിഭാസം തുടങ്ങിയിട്ട് മൂന്ന് വർഷമേ ആയിട്ടുള്ളൂ. ജല അതോറിറ്റിയുടെ രണ്ട് വൻകിട ജലപദ്ധതികളാണ് ഇപ്പോൾ തടാകത്തിൽനിന്ന് വെള്ളമൂറ്റുന്നത്. 48.5 ദശലക്ഷം ലിറ്റർ വെള്ളമാണ് രാപകൽ ഭേദമില്ലാതെ കൊല്ലം നഗരത്തിലേക്കും ചവറ, പന്മന, തേവലക്കര പഞ്ചായത്തുകളിലേക്കും കൊണ്ടുപോകുന്നത്. എൻ.കെ. പ്രേമചന്ദ്രൻ ജലവിഭവമന്ത്രിയായിരിക്കെ സ്വന്തം മണ്ഡലത്തിലേക്ക് ആരംഭിച്ചതാണ് 16.5 ദശലക്ഷം ലിറ്ററിൻെറ ചവറ പന്മന പദ്ധതി. തടാക തീരവാസികൾക്ക് തുള്ളിവെള്ളംപോലും കുടിക്കാൻ കൊടുക്കാതെയാണ് ജല അതോറിറ്റി ഈ കച്ചവടം നടത്തുന്നത്. അതുകൊണ്ടുതന്നെ തടാകതീരത്തെ ജനവിഭാഗങ്ങൾക്ക് വൈകാരികമായ ഒരടുപ്പം തടാകത്തോടില്ല. ശുദ്ധജലതടാകം മനുഷ്യവിസർജ്യം അടക്കമുള്ള മാലിന്യങ്ങളുടെ നിക്ഷേപകേന്ദ്രമാകുന്നതിന് ഇതും കാരണമാണ്.

'തടാകത്തിൻെറ സമഗ്രതലസ്പർശിയായ സംരക്ഷണമാണ് എൻെറ സ്വപ്നം. പ്രകൃതി സൗന്ദര്യം ആവോളമുള്ള ഇവിടം കശ്മീരിലെ ദാൽ തടാകംപോലെ ക്രമീകരിക്കാനായാൽ ആയിരങ്ങളെ ആകർഷിക്കാനാകും. വർഷങ്ങളായി തടാകം വറ്റി ഉൾവലിഞ്ഞ് കര തെളിഞ്ഞ ഇടങ്ങൾ ഖനനംചെയ്ത് മണ്ണും ചളിയും നീക്കി കരയിൽ സംരക്ഷണഭിത്തിപോലെ സൂക്ഷിക്കണം. ഇതോടെ ഇവിടെ ഉറവപൊട്ടി തടാകം ജലസമൃദ്ധമാകും. തടാകത്തിനു ചുറ്റുമായി ചെറുവാഹനങ്ങൾ ഓടിക്കാൻ പാകത്തിൽ റിങ് റോഡ് നിർമിക്കേണ്ടതുണ്ട്. ഈ പദ്ധതിക്ക് ഒക്കെ തടാക തീരവാസിയായ രാജ്യസഭാംഗം കെ. സോമപ്രസാദ് ആസ്തിവികസന നിധിയിൽനിന്ന് പണം തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇവയെല്ലാം അഴിമതിക്കും കെടുകാര്യസ്ഥതക്കും അതീതമായി നടപ്പാക്കാൻ നിയമപ്രകാരം അധികാരമുള്ള ഒരു അതോറിറ്റി കൂടിയേ തീരൂ. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഒരുപാട് പദ്ധതികൾ തടാകത്തിനുവേണ്ടി കൊണ്ടുവന്നെങ്കിലും ഒന്നും എങ്ങും എത്താതെപോയത് നിർവഹണത്തിലെ പാളിച്ചകൊണ്ടാണ്. ഇതിനെല്ലാമുള്ള പരിഹാരമാണ് സ്റ്റാറ്റ്യൂട്ടറി അതോറിറ്റി.

'2013ൽ തടാകസംരക്ഷണ സമരസമിതി ശാസ്താംകോട്ടയിലും ഞാൻ സെക്രട്ടേറിയറ്റിന് മുന്നിലും നിരാഹാരസമരം നടത്തിയിരുന്നു. തടാകസംരക്ഷണ ഏകോപന സമിതി മറ്റു സമരമാർഗങ്ങളും സ്വീകരിച്ചു. ഇവയുടെയെല്ലാം ഒത്തുതീർപ്പെന്ന നിലയിൽ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ശാസ്താംകോട്ടയിലെത്തി 13 ഇന പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. തടാകത്തിൽനിന്നുള്ള ജലചൂഷണം നിയന്ത്രിക്കാനായി കല്ലടയാറ്റിൽ തടയണകെട്ടി കൊല്ലത്തേക്ക് വെള്ളം കൊണ്ടുപോകാനുള്ള പദ്ധതി ഇപ്പോൾ നിർമാണ ഘട്ടത്തിലാണ്. കല്ലടപദ്ധതി കനാലിൽനിന്ന് വെള്ളം എടുത്ത് ശുദ്ധീകരിച്ച് രണ്ട് പദ്ധതികളിലേക്ക് കൊണ്ടുപോകുന്നത് തുടങ്ങിക്കഴിഞ്ഞു. തടാകത്തിൽനിന്നുള്ള ജലചൂഷണം ഇതോടെ 30 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട്. ഈ ശുദ്ധജല തടാകത്തെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ഒരു അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ കഴിഞ്ഞതും ശുഭകരമാണ്'.

കോവൂർ ഇതു പറയുമ്പോൾ തടാകം വരളുന്ന പകലിൻെറ തീച്ചൂടിനെ കാറ്റിനാലാറ്റിക്കൊടുക്കുന്നുണ്ടായിരുന്നു, ഒരു കാമുകിക്കു മാത്രം കഴിയുന്ന വശ്യചാരുതയോടെ...

'ഈ തടാകം എൻെറ കാമുകിയാണെന്ന് ഞാൻ സഭയിൽ പറഞ്ഞത് ആനുഷംഗികമായല്ല. എൻെറയൊരു വലിയ സ്വപ്നത്തിൻെറ ഭാഗമാണ് അവളിന്ന്...'

'കായൽ കഥയിലെ യക്ഷിയെപ്പോൽ
കരിഞ്ചായലഴിച്ച് പരത്തിക്കിടക്കുന്നു
നഗ്നമാഗാത്രം രതാന്തസുഖാലസ്യ
മഗ്നം മൃദുലം തുടിക്കുന്നിതിപ്പൊഴും

എന്നാണല്ലോ കവി പാടിയിരിക്കുന്നത്. വിശാലമായ ഈ കായൽപരപ്പ് കാണുമ്പോൾ ഒ.എൻ.വിയുടെ ഈ കവിതാശകലം ഞാൻ ഓർത്തുപോകും.

അതെ... കോവൂർ കുഞ്ഞുമോൻ എന്ന പൊതുപ്രവർത്തകൻ പ്രണയകൽപനകളുടെ ലോകത്തേക്ക് നമ്മെ കൈപിടിച്ച് നയിക്കുകയാണ്. സങ്കൽപരഥത്തിൽനിന്ന് താഴെയിറങ്ങിയാൽ ജീവിതത്തിന് കൂട്ടും താങ്ങുമായി ഒരാളെ കണ്ടെത്തേണ്ടതുണ്ട്. നിയമസഭയിൽവെച്ച് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും നൽകിയ ഉറപ്പാണത്. 'സ്നേഹിക്കാൻ കഴിയുന്നൊരു മനസ്സുണ്ടാവണം. വിദ്യാഭ്യാസവും വായനശീലവും വേണം. സമ്പത്തും ജാതിയും മതവുമൊന്നും പ്രശ്നമല്ല'. പ്രതിശ്രുതവധുവിനെപ്പറ്റി എം.എൽ.എയുടെ നിബന്ധനകൾ ഇത്രമാത്രം.

വരാനിരിക്കുന്ന പെൺകൊടിയോട് നമുക്ക് ഇത്രകൂടി പറഞ്ഞുവെക്കാം:

'നിരുപദ്രവകാരിയായ ഈ കാമുകിയെച്ചൊല്ലി കോവൂരിനോട് കലഹം അരുതേ...' ●

## കുഞ്ഞുമോൻെറ നിയമസഭാ പ്രസംഗം

*കേരളത്തിലെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഈ സഭക്ക് മുമ്പാകെ ഞാൻ മുന്നോട്ടുവെക്കുന്നത്. ലോകത്തിലെതന്നെ ഏറ്റവും വലിയ ശുദ്ധജല തടാകങ്ങളിലൊന്നാണ് ശാസ്താംകോട്ട ശുദ്ധജലതടാകം. ഈ തടാകം നിരന്തരമായ മണ്ണൊലിപ്പുമൂലം നികന്നുവരികയാണ്. ഇവിടെനിന്ന് പ്രതിദിനം 480 ലക്ഷം ലിറ്റർ വെള്ളമാണ് പമ്പ് ചെയ്യുന്നത്. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകൾ, ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര, തെക്കുംഭാഗം, ചവറ, ശക്തികുളങ്ങര, കൊല്ലം പട്ടണം അടക്കമുള്ള പ്രദേശങ്ങളിലേക്ക് ശുദ്ധജലമെത്തിക്കുന്ന പ്രധാന സ്രോതസ്സാണ് ഈ തടാകം.*

*കഴിഞ്ഞ 16 വർഷമായി ഞാനിവിടെനിന്ന് ഈ തടാകത്തിനുവേണ്ടി തേങ്ങുകയാണ്. 1998 മുതൽ ആറു പദ്ധതികൾ ആലോചിച്ചു. എല്ലാം പാതിവഴിയിൽ നിലച്ചു. 1998ൽ സി.ഡബ്ല്യു.ആർ.ഡി.എം മൂന്നു കോടി 13 ലക്ഷം രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചു. വനംവകുപ്പ് 2008ൽ എട്ടു കോടി രൂപയുടെ ഒരു പദ്ധതി തയാറാക്കി. 2004 ജൂലൈ 14ന് 17.5 കോടിയുടെ ഒരു പ്രഖ്യാപനം വന്നു. ഇതൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.*

*ഈ തടാകത്തിൻെറ ഏരിയയിലുള്ള മണ്ണൊലിപ്പുമൂലം തടാകം നന്നേ നികന്നുവരികയാണ്. പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടെങ്കിലും നടപ്പാകുന്നില്ല. ഇപ്പോൾ 33 കോടി രൂപയുടെ ഒരു പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ തടാകത്തിൽനിന്ന് ചവറ, കൊല്ലം പട്ടണം ഭാഗങ്ങളിലേക്ക് അമിതജലം കൊണ്ടുപോകുന്നതു കൊണ്ടാണ് തടാകം താണുതാണുപോകുന്നത്. ഇത് തടാകത്തിന് താങ്ങാനുള്ള ശക്തിയില്ല. കൊല്ലം പട്ടണം, ചവറ-പന്മന കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതുകൊണ്ട് ശാസ്താംകോട്ട തടാകത്തിനാണ് ശോച്യാവസ്ഥ നേരിടേണ്ടിവന്നിട്ടുള്ളത്. റാംസർ സൈറ്റിൽപെട്ട 25 തടാകങ്ങളിൽ ശാസ്താംകോട്ട തടാകവുമുണ്ട്. ചവറ-പന്മന പ്രത്യേക കുടിവെള്ള പദ്ധതി യഥാർഥത്തിൽ ദ്രോഹിക്കുന്നത് ഞങ്ങളെയാണ്. 'വെള്ളം വെള്ളം സർവത്ര, തുള്ളി കുടിക്കാനില്ലത്രെ' എന്ന് പഴമക്കാർ പറയുന്നതുപോലെ ഇപ്പോൾ കുന്നത്തൂർ നിയോജകമണ്ഡലത്തിന് ശാസ്താംകോട്ട തടാകത്തിൻെറ ജലം ലഭ്യമാവാൻ ഒരു പദ്ധതിയും വന്നിട്ടില്ല. കല്ലടയാറ്റിൽനിന്ന് കടപുഴ വഴി പൈപ്പിട്ട് ശാസ്താംകോട്ട തടാകത്തിൻെറ അടിത്തട്ടിലൂടെ ട്രീറ്റ്മെൻറ് പ്ലാൻറിലെത്തിച്ച് വെള്ളം ശുദ്ധീകരിച്ച് സമീപപ്രദേശങ്ങളിലും കൊല്ലം പട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കാൻ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പക്ഷേ, അതും മുടങ്ങിപ്പോയി.*


*തടാകത്തിൻെറ സംരക്ഷണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം ഇവിടെ ആവശ്യമാണ്. ശാസ്ത്ര സാങ്കേതിക വകുപ്പ്, വനം വകുപ്പ്, പരിസ്ഥിതി വകുപ്പ്, റവന്യൂ വകുപ്പ്, വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പുകളുടെ ഏകോപനമുണ്ടായാൽ മാത്രമേ ഈ തടാകത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ. കേന്ദ്ര, സംസ്ഥാന സർക്കാറുകളുടെ വിവിധ ഫണ്ടുകൾ വരുന്നുണ്ടെങ്കിലും നല്ല നിലയിൽ വിനിയോഗിക്കാൻ കഴിയുന്നില്ല. നിരന്തരമായി ഞാനിവിടെ ഇതിനുവേണ്ടി പറയുകയാണ്. കഴിഞ്ഞ വർഷം ആറുദിവസം സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരസമരം അനുഷ്ഠിച്ചു. ഈ തടാകം സംരക്ഷിക്കാതെ വിവാഹം കഴിക്കില്ലെന്ന് ഞാനിവിടെ പ്രഖ്യാപിച്ചിരുന്നു. ഈ തടാകം എൻെറ കാമുകിയാണ്. ഈ തടാകത്തെ സംരക്ഷിക്കണം. ഞാൻ കല്യാണം കഴിക്കണമെന്നുണ്ടെങ്കിൽ എൻെറ കാമുകി സുന്ദരിയും മഹനീയയുമായിരിക്കണം. ഈ നല്ല സുന്ദരിയെ സംരക്ഷിക്കാൻ നമുക്ക് പരമാവധി ശ്രമിക്കാം. അതിനായി ഒരു സ്റ്റാറ്റ്യൂട്ടറി കമീഷൻ രൂപവത്കരിച്ച് ഈ തടാകത്തെ പൂർണമായും സംരക്ഷിക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.*




തെയ്യത്തിൻെറയും നാടകത്തിൻെറയും വേഷങ്ങളിൽ സാർഥമാകുന്ന ബിജുവിൻെറ കലാജീവിതം
**തെയ്യപ്പൂവുകൾ** 02

ഇന്ത്യയിലെ ഏറ്റവും വലിയ തിബത്തൻ അഭയാർഥി കേന്ദ്രമായ ധരംശാലയിലേക്കുള്ള യാത്ര
**ഇന്ത്യൻ തിബത്തിൽ** 03

കാടും മേടും താണ്ടി, പ്രകൃതിയെയും പക്ഷികളെയും ഫ്രെയിമിലൊപ്പുന്ന ഫാദർ പത്രോസിൻെറ വേറിട്ട ജീവിതം
**പ്രകൃതിചിത്രങ്ങളുടെ ഇടയൻ** 04







കല

തെയ്യത്തിൻെറയും നാടകത്തിൻെറയും വേഷങ്ങളിൽ സാർഥകമാകുന്ന ബിജുവിൻെറ കലാജീവിതം

# തെയ്യപ്പൂവുകൾ



● ബിജു അരങ്ങിൽ

രാഘവൻ കടന്നപ്പള്ളി

*'നിരൂപിച്ച കാര്യം വീര്യം സാധിച്ചു കൊടുക്ക വാഴ്ത്താൻ കളിക്കതാൻ, കളിക്കീശ്വരൻ പ്രസാദിക്ക'*
(വിഷ്ണുമൂർത്തിയുടെ വരവിളിയിൽനിന്ന്)

വർണസങ്കലനവും അഭിനയ മുഹൂർത്തങ്ങളും സംഭാഷണവും നൃത്തവും സംഗീതവും സമന്വയിക്കുന്ന അനുഷ്ഠാനകലയാണ് തെയ്യം. അത്യുത്തരകേരളത്തിൻെറ ജീവിത സംസ്കൃതിയെ രൂപപ്പെടുത്തുന്നതിൽ നിർണായക സ്വാധീനം ചെലുത്തിയ കല. തെയ്യത്തിൻെറ തോറ്റംപാട്ടും തകിലിൻെറ താളം മുറുകാത്തതുമായ ഗ്രാമങ്ങളെക്കുറിച്ച് ഉത്തരമലബാറിന് ചിന്തിക്കാനാവില്ല. നാടകീയ മുഹൂർത്തങ്ങൾ കൊണ്ട് സമ്പന്നമായ ഈ അനുഷ്ഠാനം അതുകൊണ്ടുതന്നെ നാടകവുമായി അധികം അകലത്തിലല്ല. മനുഷ്യനിൽനിന്ന് ദൈവത്തിലേക്ക് (ദൈവീ എന്ന പദത്തിൻെറ ഗ്രാമ്യാർഥമാണ് തെയ്യം) പരകായപ്രവേശം നടത്തുന്ന കലാകാരന്മാർ മികച്ച നടന്മാരാവുന്നത് സ്വാഭാവികം. അത്തരത്തിലുള്ള ഒരു കലാകാരനാണ് കണ്ണൂർ ജില്ലയിലെ ഇരിണാവു സ്വദേശിയായ എം.ടി. ബിജു. എട്ടാം വയസ്സിൽ വേടൻ തെയ്യം കെട്ടിയാടിയായിരുന്നു തെയ്യത്തിൻെറ വിശാല ലോകത്തേക്കുള്ള അരങ്ങേറ്റം. തുടർന്ന് മലയസമുദായം നടത്തിവരുന്ന ഒട്ടുമിക്ക തെയ്യക്കോലങ്ങളും അണിയാൻ ബിജുവിന് ഭാഗ്യമുണ്ടായി. എന്നാൽ, ഏറ്റവും കൂടുതൽ കെട്ടിയാടിയത് സ്വന്തം സമുദായത്തിൻെറ പ്രധാന തെയ്യക്കോലമായ വിഷ്ണുമൂർത്തിതന്നെ.



● ബിജു ഡോ.ബി. ജയശ്രീക്കൊപ്പം

## വിഷ്ണുമൂർത്തിയെന്ന ജനകീയ തെയ്യം

നീലേശ്വരത്തിനടുത്ത കൊയാമ്പുറം ഗ്രാമത്തിലെ കാലിമേയ്ക്കുന്ന ഒരു സാധാരണ തീയ്യ യുവാവിൻെറ ദുരന്തജീവിതമാണ് വിഷ്ണുമൂർത്തിയുടെ പുരാവൃത്തം അടയാളപ്പെടുത്തുന്നത്. ജന്മിയായ കുറുവാട്ടു കുറുപ്പിൻെറ കാലികളെ മേയ്ക്കുന്ന തൊഴിലിലേർപ്പെട്ട കണ്ണനിൽ കുറുപ്പിൻെറ അനന്തിരവൾ അനുരക്തയാവുന്നു. ഇതറിഞ്ഞ കുറുപ്പ് കണ്ണനെ വധിക്കാൻ ആളെ വിടുന്നു. വിവരം മനസ്സിലാക്കിയ കണ്ണൻ പലായനം ചെയ്ത് മംഗലാപുരം കോയിൽപ്പാടി എന്ന സ്ഥലത്തെ ഒരു തീയ്യത്തറവാട്ടിൽ അഭയം തേടി. ഇവിടത്തെ മുത്തശ്ശിയുടെ സ്നേഹവാത്സല്യം ഏറ്റുവാങ്ങിയ കണ്ണൻ തറവാട്ടിലെ ആരാധനാമൂർത്തിയായ നരസിംഹമൂർത്തിയുടെ പൂജകനും ആരാധകനുമായി മാറുന്നു. അഞ്ചു വർഷത്തിനുശേഷം ജന്മനാട്ടിൽ തിരിച്ചെത്തിയ കണ്ണൻ കദളിക്കുളത്തിലിറങ്ങി നീരാടവെ കുറുവാട്ടു കുറുപ്പിൻെറ വാളിനിരയായി മൃത്യു വരിക്കുന്നു. ഇത് നരസിംഹമൂർത്തിയുടെ കോപത്തിനിടയാക്കി. ഇതിന് പ്രായശ്ചിത്തമായി കുറുപ്പ് വിഷ്ണുമൂർത്തിയെ കെട്ടിയാടിച്ചുവെന്നാണ് ഐതിഹ്യം. വിഷ്ണുമൂർത്തിയോടൊപ്പം പാലന്തായി കണ്ണനെയും കെട്ടിയാടിച്ചു. (ഡോ.ആർ.സി. കരിപ്പത്ത് -തെയ്യ പ്രപഞ്ചം.) നരസിംഹാവതാരമായി അരങ്ങിലെത്തുന്ന തെയ്യം മുടിയണിഞ്ഞയുടൻ ഹിരണ്യാക്ഷനെ വധിച്ച് കുടൽമാല പുറത്തെടുക്കുന്ന രംഗം ഭാവാഭിനയ മുഹൂർത്തങ്ങൾകൊണ്ട് സമ്പന്നമാണ്. പുരാണത്തിലെ അവതാരകഥയോടൊപ്പം പാലന്തായി കണ്ണൻെറ ദുരന്ത ജീവിതത്തിൻെറ കഥ പറയുന്ന മിത്തുകൂടിയായപ്പോൾ അനുഷ്ഠാനത്തിന് തികഞ്ഞ നാടകീയത കൈവരുന്നു. ഇത് ബിജുവിൻെറ കലാജീവിതത്തെ ചെറുപ്പം മുതൽ സ്വാധീനിച്ചു.

എം.ടി. കേളുവിൻെറയും എം.വി. പ്രേമജയുടെയും മകനായാണ് ബിജുവിൻെറ ജനനം. കോളജ് വിദ്യാഭ്യാസം പയ്യന്നൂർ കോളജ്, തലശ്ശേരി ബ്രണ്ണൻ, ഡൽഹി ജെ.എൻ.യു എന്നിവിടങ്ങളിൽ. ജെ.എൻ.യു കാമ്പസ് ബിജുവിൻെറ കലാജീവിതത്തിന് പുതിയ പാതകൾ തുറന്നുനൽകി. ബംഗളൂരു നാഷനൽ സ്കൂൾ ഓഫ് ഡ്രാമയിലെ അഭിനയപഠനം കൂടിയായപ്പോൾ ബിജുവിലെ നടൻ പരിപൂർണനായി. ദേശീയ നാടക വിദ്യാലയത്തിലെ പഠനകാലത്താണ് ഈ യുവാവ് തെയ്യത്തിൻെറ അനന്തസാധ്യതയെ നാടകവുമായി കൂട്ടിയിണക്കുന്നത്.

## ഗുരുവിനെ പഠിപ്പിച്ച ശിഷ്യൻ

ബംഗളൂരു ദേശീയ നാടക വിദ്യാലയത്തിൽ പഠനത്തോടൊപ്പം സഹപാഠികളെ തെയ്യം പഠിപ്പിച്ചു. തെയ്യത്തിൻെറ ഭാവാഭിനയവും വാചാലും ചടുല താളങ്ങളും ആടയാഭരണങ്ങളുമെല്ലാം ഇവിടെ അദ്ഭുതത്തിൻെറ ലോകം തുറന്നുവെക്കുകയായിരുന്നു. ഈ സന്ദർഭത്തിലാണ് സ്കൂൾ ഓഫ് ഡ്രാമയിൽ ബിജുവിനെ നാടകം പഠിപ്പിച്ച കർണാടകയിലെ രാജ്യസഭാംഗം ഡോ.ബി. ജയശ്രീ തെയ്യം പഠിപ്പിക്കണമെന്നാവശ്യപ്പെട്ട് ബിജുവിനെ സമീപിച്ചത്. അങ്ങനെ ശിഷ്യൻെറ ഗുരുദക്ഷിണയായി മാറി ഗുരുവിൻെറ തെയ്യം പഠനം . ഈ ഗുരുശിഷ്യബന്ധത്തിൻെറ ദൃഢതയിൽനിന്നാണ് ഡോ. ജയശ്രീയുടെ നാടകസംഘമായ 'സ്പന്ദന'ത്തിലേക്കുള്ള പ്രവേശം. സ്പന്ദന തിയറ്റർ അവതരിപ്പിച്ച സിരി എന്ന നാടകത്തിൽ പ്രധാന വേഷം ചെയ്ത് കർണാടകയിലെ നാടക പ്രേക്ഷകരുടെ പ്രശംസ പിടിച്ചുപറ്റി. തുടർന്ന് കർണാടകയിലെ രാഷ്ട്രകവി എന്ന് വിശേഷണമുള്ള കുവെമ്പുവിൻെറ മംഗളല്ലി മധുമഗളു എന്ന നോവലിൻെറ നാടകാവിഷ്കാരത്തിലും തെയ്യവേഷത്തിൽ അരങ്ങിലെത്തി. ഒമ്പത് മണിക്കൂർ ദൈർഘ്യമുള്ള നാടകം സംവിധാനം ചെയ്തത് സ്കൂൾ ഓഫ് ഡ്രാമ ബംഗളൂരു ഡയറക്ടർ ബസവലിംഗയ്യയാണ്. സന്തോഷ് ഏച്ചിക്കാനത്തിൻെറ പ്രശസ്ത ചെറുകഥയായ കൊമാല ഏകപാത്ര നാടകമായപ്പോൾ വേഷമിട്ടതും ബിജുവായിരുന്നു. കഴിഞ്ഞവർഷം 150ഓളം വേദിയിലാണ് നാടകം അരങ്ങേറിയത്.

ഇന്ത്യയിലും വിദേശങ്ങളിലും നിരവധി വേദികളിൽ തെയ്യവും നാടകവും മാറി മാറി ആടിയ ഈ കലാകാരൻ ഇപ്പോൾ ബംഗളൂരു സ്കൂൾ ഓഫ് ഡ്രാമയിൽ തെയ്യം കലയിലെ അഭിനയസാധ്യതകൾ പഠിപ്പിക്കുന്ന സന്ദർശക അധ്യാപകനാണ്. വിഷ്ണുമൂർത്തി തെയ്യത്തിലെ ഹിരണ്യാക്ഷ വധവുമായി ബന്ധപ്പെട്ട അഭിനയ തീവ്രതയും ഉച്ചിട്ട എന്ന തെയ്യത്തിൻെറ ഹാസ്യാത്മകതയുമാണ് പ്രധാനമായി പഠിപ്പിക്കുന്നത്. പെൺ വിദ്യാർഥികൾക്കുവേണ്ടി സ്ത്രീകൾ മാത്രം കെട്ടിയാടുന്ന ദേവ കൂത്തിനെപ്പറ്റിയും പഠിപ്പിക്കുന്നു.

## പെരിയ സന്ദേശവുമായി പെരും ആൾ

പുതിയകാലത്തെ വർണവിവേചനത്തിൻെറ ഒടുവിലത്തെ രക്തസാക്ഷിയാണ് രോഹിത് വെമുല. രോഹിത് വെമുലയെ രാമായണവുമായി ബന്ധിപ്പിച്ച പുതിയ ഏകപാത്ര നാടകമാണ് ഇപ്പോൾ ബിജു അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. രമേശൻ ബ്ലാത്തൂരിൻെറ 'പെരും അൾ' എന്ന നോവലിനെ ആധാരമാക്കി ഇതേപേരിൽ പത്മനാഭൻ ബ്ലാത്തൂർ നാടകഭാഷയൊരുക്കി ശ്രീജിത്ത് പൊയിൽക്കാവാണ് സംവിധാനം നിർവഹിച്ചത്. രാക്ഷസരാജാവായ രാവണൻെറ പുനർവായനയിലൂടെ ദലിതുപക്ഷ രാഷ്ട്രീയമാണ് നാടകം മുന്നോട്ടുവെക്കുന്നത്. വായിച്ചറിഞ്ഞ കഥകളിൽനിന്ന് മാറി രാവണൻെറ മനോവികാരങ്ങളിലൂടെ കടന്നുപോകുന്ന നാടകം പുതിയ കാലത്തിൻെറ കെട്ട കഥകൾ പറയാതെ പറയുന്നുണ്ട്. രാമസായകം തുളഞ്ഞുകയറിയ വേദനയുമായി സ്വന്തം കോട്ടയിൽ തടവിലാക്കപ്പെട്ട് മരണം കാത്തുകിടക്കുന്ന രാവണൻെറ ചിന്തയിൽനിന്നാണ് നാടകം വികസിക്കുന്നത്. ഒരേസമയം രാമനും രാവണനും ലക്ഷ്മണനും വിഭീഷണനുമൊക്കെയായി നിറഞ്ഞ്, പകർന്നാടുകയാണ് ബിജുവിലെ നടൻ. പടിയിറക്കിയ കെട്ട ചിഹ്നങ്ങൾ തിരിച്ചുവരികയും ദലിതരും കീഴാളരും ചവിട്ടിമെതിക്കപ്പെടുകയും ചെയ്യുന്ന പുതിയ കാലത്തിനാണ് 'പെരും ആൾ' സമർപ്പിച്ചിരിക്കുന്നത്. മയ്യിൽ സംസ്കൃതിയാണ് നാടകം അരങ്ങിലെത്തിക്കുന്നത്. സമൂഹത്തിലെ അരുതായ്മകൾക്കെതിരെ പോരാടി മരിച്ച മനുഷ്യരാണ് തെയ്യക്കോലങ്ങളായി പുനർജനിച്ച് ഉറഞ്ഞാടുന്നത്. കടും വർണത്തിലുള്ള അടയാഭരണങ്ങളണിഞ്ഞ് അരങ്ങിലെത്തുന്ന തെയ്യക്കോലങ്ങൾ ഉത്തരകേരളത്തിൻെറ ഗ്രാമജീവിതത്തിൻെറ തുടിപ്പാണ്. അധഃകൃതനായ കറുത്ത മനുഷ്യൻ മുഖത്തെഴുതി, അണിയലും ആയുധവുമണിഞ്ഞ് ഉറഞ്ഞു തുള്ളുമ്പോൾ വരേണ്യജാതർ പോലും വണങ്ങുന്ന കാഴ്ച കൗതുകകരമാണ്. സാമൂഹിക അസമത്വത്തിനെതിരായ ശക്തമായ താക്കീതാണ് ഓരോ തെയ്യക്കോലവും നൽകുന്നത്.

'ആ മരം പൂത്തൊരു പൂവുണ്ടെൻ കൈയിൽ.
ആ പൂവെടുത്തു മണക്കായ്കകൊണ്ടല്ലെ
തെറ്റെന്നു തെറ്റായിപ്പേശുന്നു ചൊവ്വർ'


പൊട്ടൻ തെയ്യത്തിൻെറ തോറ്റം പാട്ടിലെ ഈ വരികൾ മാത്രം മതി തോറ്റംപാട്ടുകളും തെയ്യവും തൊടുത്തുവിടുന്ന സാമൂഹിക വിമർശത്തെ അടയാളപ്പെടുത്താൻ .ഈ നാട്ടു നന്മയാണ് ബിജു അനുഷ്ഠാനത്തിൽനിന്ന് വ്യതിചലിക്കാതെ തെയ്യത്തിലൂടെ, അരങ്ങിൻെറ അപാരസാധ്യതയിലൂടെ സമൂഹവുമായി പങ്കുവെക്കുന്നത്.

●

ഡോക്യുമെൻററി




## ഇനി തലയുയർത്തി നിൽക്കാം



● പി. അഭിജിത്ത്

ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ച് പൊതുസമൂഹത്തിൽ ഉറച്ചുപോയ വിശ്വാസങ്ങളെയാകെ തകിടം മറിക്കുകയാണ് 'അവളിലേക്കുള്ള ദൂരം' എന്ന പി. അഭിജിത്തിൻെറ ഡോക്യുമെൻററി. പ്രേക്ഷകൻെറ കാഴ്ചയിൽ പുതിയൊരു ലോകവും ഇവരെങ്ങനെ ലൈംഗിക തൊഴിലാളികൾ മാത്രമായി ചുരുങ്ങിപ്പോയെന്ന യാഥാർഥ്യവും ഇത് മുന്നോട്ടുവെക്കുന്നു. പൊതുസമൂഹം അനുവദിച്ചാൽ മറ്റൊരു ജീവിതം ഇവർക്ക് സാധ്യമാണെന്ന സന്ദേശവും ചിത്രത്തിലുണ്ട്. അനുഭവത്തിൻെറ വ്യത്യസ്തതയല്ല, അതിൻെറ പൊതുസ്വഭാവമാണ് ഇവരെ ഒന്നിപ്പിക്കുന്നത്. വിലക്കിയ സ്വാതന്ത്ര്യം തിരിച്ചുപിടിക്കാൻ അവർ നടത്തിയ പോരാട്ടത്തിൻെറ കഥകൾകൂടിയാണ് ചിത്രം അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഒമ്പതുവർഷമായി ട്രാൻസ്ജെൻഡർ സമൂഹത്തിനിടയിലെ അഭിജിത്തിൻെറ യാത്രയിൽനിന്നാണ് ഈ ഡോക്യുമെൻററി പിറന്നത്. കുറ്റവാളി ഗോത്രത്തെപ്പോലെ സമൂഹം അകറ്റിനിർത്തിയവരുടെ ജീവിതം വായിക്കുകയും അതിലേക്ക് ആഴ്ന്നിറങ്ങുകയും ചെയ്തതിൻെറ സർഗരേഖയാണിത്. ട്രാൻസ്ജെൻഡർ സമൂഹം അനുഭവിക്കുന്ന പീഡനം ചിത്രം തുറന്നുകാട്ടുന്നുണ്ട്. തിരുവനന്തപുരം പ്രസ്ക്ലബിൽ നടന്ന ഡോക്യുമെൻററിയുടെ പ്രദർശനം നിറഞ്ഞ സദസ്സിലായിരുന്നു. പ്രദർശനം കാണാനെത്തിയ മന്ത്രി ഡോ.ടി.എം. തോമസ് ഐസക് ഇടം നഷ്ടമായ ഇവർക്ക് സമൂഹത്തിൽ ഇടം നൽകുന്നൊരു പദ്ധതിയും പ്രഖ്യാപിച്ചു. ചിത്രത്തിൽ ജീവിതകഥ രേഖപ്പെടുത്തുന്നവരെല്ലാം തങ്ങളുടെ സ്വത്വം തിരിച്ചറിഞ്ഞതോടെ പലായനം ചെയ്തവരാണ്. പിന്നെ പീഡനത്തിൻെറയും വേട്ടയുടെയും കാലം പിന്നിട്ട ഇവരുടെ പോരാട്ടവും കാഴ്ചക്കാർക്ക് വേറിട്ട അനുഭവമാണ്.

ആർ. സുനിൽ

## കത്തുകൾ




### യാത്രാന്തർജനം

വേണു കള്ളാർ എഴുതിയ യാത്രാന്തർജനം (ലക്കം 1473) നല്ല അനുഭവമായി. ഇറ്റലിയിലും അമേരിക്കയിലും കാഠ്മണ്ഡുവിലുമെല്ലാമുള്ള ഏകാകിനിയായ അന്തർജനത്തിൻെറ അനുഭവങ്ങൾ അദ്ഭുതകരം തന്നെ.

കെ.പി. സഊദ്, കാവനൂർ

### പ്രചോദനം നൽകുന്നത്

യാത്രാന്തർജനം എന്ന ലേഖനം വളരെയധികം സ്വാധീനിച്ചു. ഏകാന്തതയിൽ തളർന്നുപോകുന്ന സ്ത്രീസമൂഹത്തിന് ഏറെ പ്രചോദനമാണ് ശ്രീദേവി അന്തർജനം.

എം.ടി. സഹല, കൽപകഞ്ചേരി

### ഉത്സാഹപാഠം

പുതിയൊരു സ്ഥലത്തെ സ്കൂളിൽ നല്ലൊരു അധ്യാപികയുടെ ക്ലാസിലിരുന്ന് ലോകവിജ്ഞാനങ്ങളും വിസ്മയങ്ങളും ശ്രദ്ധിച്ചെടുക്കുന്ന ഉത്സാഹപാഠങ്ങളായിരുന്നു യാത്രാന്തർജനം. യാത്ര തുടരാൻ യാത്രാന്തർജനം ടീച്ചർക്ക് ആശംസകൾ.

അൽത്താഫ് ഇസ്മയിൽ, ഇടവ

### അതിശയജീവിതം



വൈദ്യശാസ്ത്ര പ്രവചനങ്ങളെയും ബുദ്ധിപരതയെയും അതിജയിച്ച പ്രശാന്തിൻെറ ജീവിതം അത്യതിശയം തന്നെ. ജനിച്ചു മൂന്നു മാസം പോലും ജീവിക്കാത്ത വിധം വൈകല്യങ്ങൾ പ്രശാന്തിനെ പിടികൂടിയിരിക്കുന്നുവെന്ന് ഡോക്ടർമാർ വിധിയെഴുതിയിട്ടും തളരാത്ത മാനോധൈര്യവുമായി മാതാപിതാക്കൾ തന്നെയാണ് പ്രശാന്തിനെ ഇവ്വിധം ഉയരങ്ങളിലെത്തിച്ചത്.

അബ്ദുൽ വാജിദ്, വെളുമ്പിയംപാടം

### ഉത്തരായനം

ഹസനുൽ ബന്ന എഴുതിയ ഉത്തരായനം ശ്രദ്ധേയമായിരുന്നു. എന്നാൽ, ഇതുമായി ബന്ധപ്പെട്ട രണ്ടു വസ്തുതകൾ ചേർക്കുന്നു. ഇന്ത്യൻ സ്റ്റാൻഡേഡ് സമയം കണക്കാക്കുന്നത് ഉത്തരായനരേഖ 23 1/2 ഡിഗ്രി അക്ഷാംശം അടിസ്ഥാനമാക്കിയല്ല. ഇന്ത്യൻ സ്റ്റാൻഡേഡ് സമയം കണക്കാക്കുന്നത് 82 1/2 ഡിഗ്രി പൂർവ രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്. മറ്റൊന്ന്, ഉത്തരായന രേഖ ശ്രീലങ്കയിലൂടെ കടന്നുപോവുന്നില്ല.

കെ. മുഹമ്മദ് യാസീൻ, പാതിരമണ്ണ

### മഴയിലൂടെ നടന്നുപോയ കുട്ടി



എം. കമറുദ്ദീൻെറ 'മഴയിലൂടെ നടന്നുപോയ കുട്ടി' എന്ന കഥ ഹൃദ്യമായി. അനാഥബാല്യത്തിൻെറ നോവ് വേദനയുണർത്തി.

നാസിർ, ചെറുവാടി

### ഹൃദയസ്പർശിയായ കഥ

എം. കമറുദ്ദീൻെറ 'മഴയിലൂടെ നടന്നുപോയ കുട്ടി' എന്ന കഥ വളരെയധികം ഹൃദയസ്പർശിയായി. അനാഥത്വത്തിൻെറ ഉൾക്കാഴ്ച തുറന്നുകാട്ടിയ കഥയായിരുന്നു അത്.

ഫിറോസ്, പുതിയാടം

### കാര്യം പറയുന്ന ചുരം



ഒ. മുസ്തഫ എഴുതിയ 'കഥയല്ല,ഒരു ചുരം കാര്യം പറയുന്നു' എന്ന ലേഖനം വയനാട് ചുരവുമായി ബന്ധപ്പെട്ട നിരവധി സംശയങ്ങൾ നിവാരണം ചെയ്തു. നിഷ്കളങ്കനായ കരിന്തണ്ടൻ എന്ന ആദിവാസി മൂപ്പൻെറ അധ്വാനമാണ് ഇന്ന് നാം കാണുന്ന ചുരമെന്നത് കൗതുകകരം.

കെ.പി. മുഹമ്മദ് ഫായിസ്, പുളിക്കൽത്താഴം

### വസന്ത സ്മാരക കാമ്പസ് കഥാപുരസ്കാരം

പ്രസാധനരംഗത്തെ പെൺ കൂട്ടായ്മയായ 'സമത' കേരളത്തിലെ പാരലൽ കോളജ് ഉൾപ്പെടെ കോളജ്-യൂനിവേഴ്സിറ്റി വിദ്യാർഥികൾക്കായി വസന്ത സ്മാരക കാമ്പസ് ചെറുകഥാ പുരസ്കാരം ഏർപ്പെടുത്തുന്നു. ഒന്നാം സമ്മാനാർഹമാകുന്ന കഥക്ക് 10,000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. കഥകളിൽനിന്ന് മികച്ചവ തെരഞ്ഞെടുത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. പ്രിൻസിപ്പലിൻെറ സാക്ഷ്യപത്രത്തോടൊപ്പം 2016 സെപ്റ്റംബർ 20നകം സൃഷ്ടികൾ താഴെ പറയുന്ന വിലാസത്തിൽ അയക്കണം. മാനേജിങ് ട്രസ്റ്റി, സമത, പ്രതീക്ഷ, പന്നിംകുളങ്ങര, അയ്യന്തോൾ പി.ഒ, തൃശൂർ, 680 003. ഇ-മെയിൽ: samathacollective@gmail.com. ഫോൺ: 9447771946.

### വാട്സ്ആപ് വഴി ഇനി രചനകളും കത്തുകളും അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള രചനകളും കത്തുകളും ഇനി വാട്സ്ആപ് വഴി മലയാളത്തിൽ ടൈപ് ചെയ്ത് അയക്കാം.

whatsapp: 9645006105, email: varadyam@madhyamam.in

തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാടുകുന്ന്. പി.ഒ. കോഴിക്കോട്–12

സാമൂഹികം

തൃശൂരിലെ പോർക്കുളത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ആദ്യ വിവാഹബ്യൂറോയെക്കുറിച്ച്...

# അവർ സന്തുഷ്ടരാകണം

പ്രിൻസ് കെ. ഹരിദാസ്

അവളുടെ കണ്ണുകളിൽനിന്ന് ധാരയായൊഴുകുന്ന കണ്ണീരിലേക്ക് കാമറ സൂം ചെയ്തു. സ്റ്റുഡിയോയിലും അതിനു പുറത്തും സഹതാപത്തോടെ തന്നെ ഉറ്റുനോക്കുന്ന ലക്ഷക്കണക്കിന് കണ്ണുകളുണ്ടെന്നറിഞ്ഞിട്ടും ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ആ ഇരുപത്തഞ്ചുകാരി തേങ്ങിക്കരഞ്ഞു. അവരുടെ ഇടറിയ കണ്ഠത്തിൽനിന്ന് മുറിഞ്ഞു വീണ വാക്കുകൾ ഇങ്ങനെ കൂട്ടിയോജിപ്പിക്കാം. 'പൊന്നും പണവുമെല്ലാം അദ്ദേഹം എടുത്തോട്ടെ, എന്നെയും എൻെറ കുഞ്ഞിനെയും നോക്കിയാൽ മതി' -ഇത് ഭർത്താവിനാൽ ജീവിതം തകർക്കപ്പെട്ട വയനാട്ടിലെ ഒരു യുവതി. മലയാള ചാനലിലെ റിയാലിറ്റി ഷോയിൽ ഇവരുടെ യാതനകൾ അപ്രതീക്ഷിതമായാണ് തൃശൂരിലെ പോർക്കുളത്തുള്ള സിന്ധു കാണാനിടയായത്. പക്ഷേ, ആ കാഴ്ച നല്ലൊരു തുടക്കത്തിലേക്കുള്ള ഉൾക്കാഴ്ചയായി. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള വിവാഹബ്യൂറോയുടെ തുടക്കം അങ്ങനെയാണ്. ആറുമാസം മുമ്പ് സിന്ധു ബാലൻ കുടുംബശ്രീ മിഷൻ യോഗത്തിൽ അവതരിപ്പിച്ച ആശയം ഒടുവിൽ യാഥാർഥ്യമാവുകയായിരുന്നു. തൃശൂരിലെ പോർക്കുളത്ത് പഞ്ചായത്ത് ഓഫിസിനടുത്താണ് വിവാഹബ്യൂറോയുടെ ഓഫിസ്. ആദ്യഘട്ടമെന്ന നിലയിൽ തൃശൂർ ജില്ലയിൽ മാത്രമാണ് പദ്ധതിയെങ്കിലും വൈകാതെ കേരളം മുഴുവൻ വ്യാപിപ്പിക്കുമെന്ന് പദ്ധതി ഉദ്ഘാടനം ചെയ്ത മന്ത്രി എ.സി. മൊയ്തീൻ ഉറപ്പുനൽകി.

കേരളത്തിലെ സ്ത്രീകളുടെ സാമ്പത്തികമായും സാമൂഹികമായുമുള്ള മുന്നേറ്റത്തിൽ രണ്ടു പതിറ്റാണ്ടായി നിർണായക പങ്കുവഹിക്കുന്ന ഒന്നാണ് കുടുംബശ്രീ. എങ്കിലും കേരളത്തിൽ വിവാഹത്തട്ടിപ്പിനിരയാകുന്ന സ്ത്രീകൾ അനവധിയാണ്. തെറ്റായ വിവരങ്ങൾ നൽകി വിവാഹം കഴിച്ചശേഷം പൊന്നും പണ്ടവും കൈക്കലാക്കി മുങ്ങിയെന്ന വാർത്ത പതിവാണ്. ഇതിനൊരു പരിഹാരമെന്ന ലക്ഷ്യവുമായാണ് കുടുംബശ്രീ കൂട്ടായ്മ വിവാഹബ്യൂറോ ആരംഭിച്ചത്.



● സിന്ധു ബാലൻ

കേരളത്തിലെ സ്ത്രീകളെ പരസ്പരം കോർത്തിണക്കുന്ന പദ്ധതിയാണ് കുടുംബശ്രീ. അയൽക്കൂട്ടങ്ങളിലൂടെയും മറ്റും കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലേക്ക്, പഞ്ചായത്തുകളിലേക്ക്, വാർഡുകളിലേക്ക്, കുടുംബങ്ങളിലേക്ക് അങ്ങനെ വ്യക്തികളിലേക്ക് ഇറങ്ങിച്ചെല്ലാനും വിവരങ്ങൾ സ്വന്തമാക്കാനും കുടുംബശ്രീയെന്ന മഹാസംരംഭത്തിന് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. അയൽക്കൂട്ടത്തിലൂടെയും പഞ്ചായത്തുകളിലെ സി.ഡി.എസ് വാർഡ് മെംബർമാരിലൂടെയും മറ്റും വിവാഹപ്രായമെത്തിയ ആൺകുട്ടികളെയും പെൺകുട്ടികളെയും കണ്ടെത്തിയാണ് വിവാഹ രജിസ്ട്രേഷൻ നടത്തുക. വെബ്സൈറ്റ് കൈകാര്യം ചെയ്യാനായി അഞ്ചു പേരടങ്ങുന്ന സംഘം പോർക്കുളത്തെ ഓഫിസിൽ സദാ സജ്ജമായുണ്ടാകും. പക്ഷേ, വ്യക്തികളെക്കുറിച്ച് കുടുംബശ്രീ പ്രവർത്തകരുടെ സൂക്ഷ്മാന്വേഷണത്തിനുശേഷം മാത്രമായിരിക്കും രജിസ്ട്രേഷൻ. കുടുംബശ്രീ വഴി ലഭിക്കുന്ന ഫോറത്തിലൂടെയാണ് അപേക്ഷിക്കേണ്ടത്. മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ തുടങ്ങി എല്ലാ വിവരങ്ങളും വധൂവരന്മാർ ഫോറത്തിൽ വ്യക്തമാക്കണം. അപേക്ഷാഫോറത്തിൽ വ്യക്തമാക്കുന്ന വിവരങ്ങൾ അയൽക്കൂട്ടങ്ങൾ, വാർഡ് അംഗങ്ങൾ തുടങ്ങി പൊലീസ് സ്റ്റേഷനിൽവരെ അന്വേഷിച്ച് സത്യമാണെന്ന് ഉറപ്പുവരുത്തിയശേഷമാകും വെബ്സൈറ്റിൽ ഫോട്ടോ സഹിതമുള്ള വിവരങ്ങൾ നൽകുക. ഇൻറർനെറ്റ് ഉപയോഗിക്കാനറിയാത്തവർക്ക് പോസ്റ്റൽ വഴിയും വിവരങ്ങൾ നൽകും. 18നും 25നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് ആദ്യ മൂന്നുമാസം രജിസ്ട്രേഷൻ സൗജന്യമാകും. കുടുംബശ്രീയിലും അയൽക്കൂട്ടത്തിലും അംഗങ്ങളായവരുടെ മക്കൾക്ക് 500 രൂപയും അല്ലാത്തവർക്ക് 700 രൂപയുമാണ് ഫീസ്.

സാമ്പത്തികമായി സ്ത്രീകളെ നട്ടെല്ലിൽ നിർത്താനും തങ്ങളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാനും കേരളത്തിലെ സ്ത്രീകളെ പ്രാപ്തരാക്കിയതിൽ കുടുംബശ്രീക്കുള്ള പങ്ക് മുന്നിലാണെന്നുതന്നെ പറയാം. ആണിനും പെണ്ണിനുമിടയിൽ ഒരു കൈപിടിച്ചുകൊടുക്കലിനുകൂടി കുടുംബശ്രീ കാർമികത്വം വഹിക്കുമ്പോൾ തീർച്ചയായും അതിൽ വിശ്വാസമർപ്പിക്കാം.

●

കഥ

# പ്രണയ കഥകൾ

എം. രാജീവ് കുമാർ

## അലങ്കാരം

ഞാൻ വാതിൽ തുറക്കുന്നു
കിനാക്കളെ നിങ്ങളെല്ലാം പൊയ്ക്കോളൂ
പ്രിയേ, ഞാനിവിടം മുഴുവൻ
നിൻെറ ഇന്ദ്രിയങ്ങൾകൊണ്ട്
അലങ്കരിക്കാൻ പോകുന്നു.



## വേർപാട്

പ്രിയേ, നിൻെറ ഓർമയിൽ തറഞ്ഞ്
വ്യസനിക്കുകയായിരുന്ന അമ്മയെ ഓർത്ത്
ഇന്നലെ രാത്രി
നിൻെറ നിദ്ര പറന്നു പോയി...
ഞാനുണ്ടായിരുന്നു നിൻെറ കൂടെ...
എൻെറ മാറിൽ തലചായ്ച്ച്
കരയുന്ന കണ്ണീർ ഞാൻ തുടച്ചു.
എൻെറ അച്ഛനെ ഓർത്ത് ഞാനും.
ഉണർന്നിരുന്ന കഴിഞ്ഞ മാസം.
നിൻെറ മിഴികളും എനിക്ക് കൂട്ടിന്
നിൻെറ മടിയിൽ മുഖംചേർത്ത് പ്രിയേ...
എൻെറ കണ്ണുകൾ നീ ഒപ്പിയെടുത്തു...
വേർപാട് നമ്മൾ അറിഞ്ഞതേയില്ലല്ലോ.

## ക്രിസ്മസ്

നമ്മുടെ പ്രണയം
വാൽനക്ഷത്രമായി
കിഴക്കാണ് ആദ്യം ഉദിച്ചത്.
പുൽക്കൂട്ടിൽ പിറവികൊണ്ടു.
പിന്നെ വളർന്നതും കുരിശു ചുമന്ന്
ഉയിർത്തെഴുന്നേറ്റതും
നമ്മളാരെയും അറിയിച്ചില്ല.
പക്ഷേ, എല്ലാവരും അറിയുകയും ചെയ്തു.
ക്രിസ്മസ്, പ്രണയം
പുൽക്കൂട്ടിൽ പിറവിയെടുക്കും ദിനം



## ഭ്രാന്തൻ

രാത്രിയിൽ ഞാൻ ഭ്രാന്തനാകുന്നു.
എന്നിട്ടും ഒറ്റക്കുത്തിന് കൊല്ലാനുള്ള
ത്രാണിയില്ലെനിക്ക്
പുലരുംവരെ കാണണം നിന്നെ.
അതുകൊണ്ട് അക്ഷരങ്ങളാൽ
നിൻെറ മർമങ്ങൾ ഭേദിക്കുന്നു.
പ്രിയേ പുലർച്ചെ ഉണരാനുള്ളതല്ലേ.
നമുക്ക് നമുക്കൊന്നിച്ച്...



## സൂക്തം

പറഞ്ഞതുതന്നെ വീണ്ടും
പറഞ്ഞുകൊണ്ടിരിക്കുന്നു.
പ്രിയേ നമ്മൾ
നിന്നിടത്തുതന്നെ നിൽക്കുന്നു.
തിരിച്ചും മറിച്ചും ഒരേ കാര്യംതന്നെ
പല താളത്തിൽ പറയുന്നു.
പറയുമ്പോൾ തോന്നുന്നില്ലെങ്കിലും
പിന്നെ തിരിച്ചറിയുന്നു.
തമ്മിൽ ബന്ധിപ്പിക്കാൻ
ഇഴപിരിക്കുകയായിരുന്നു നമ്മളെന്ന്.
ഇനി സൂക്തങ്ങളില്ല...
നമ്മൾ രണ്ടാളും ചേർന്നൊരു
സൂക്തമായിത്തീർന്നിരിക്കുന്നു.

## അവധി

ഇന്ന് നമുക്കവധി
കാണില്ല. നാം
തമ്മിൽ കണ്ടില്ലെങ്കിലെന്ത്
കണ്ടോണ്ടിരിക്കയല്ലേ?

• ചിത്രീകരണം: കെ. സുധീഷ്




വായന



### വിശുദ്ധ പാപങ്ങളുടെ ഇന്ത്യ

**അരുൺ എഴുത്തച്ഛൻ**
**വില: 195.00 പേജ്: 208**
**ഡി.സി ബുക്സ്**


ആചാരങ്ങളുടെ പേരിൽ ലൈംഗികത്തൊഴിലിൽ എത്തപ്പെട്ട പെൺ ജീവിതങ്ങളിലൂടെ ഒരു യാത്ര. എട്ടു വർഷത്തോളം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ച ദേവദാസികളെയും ലൈംഗികത്തൊഴിലാളികളെയും നേരിട്ടുകണ്ട് തയാറാക്കിയ പുസ്തകം.



### മുനമ്പ്

**ടി.എൻ. ഗോപകുമാർ**
**വില: 65.00 പേജ്: 72**
**ചിന്ത പബ്ലിഷേഴ്സ്**


ടി.എൻ. ഗോപകുമാറിൻെറ നോവൽ. മലയാളപശ്ചാത്തലമുള്ള ഒരാളുടെ കൗമാരവും യൗവനവും കടലോരങ്ങളിലും കോവിലിൻെറ പരിസരങ്ങളിലും നാമ്പെടുക്കുമ്പോൾ, വിവിധ ദേശക്കാരുമായി സന്ധിക്കുമ്പോൾ വന്നുചേരുന്ന പ്രതിസന്ധിയെ ചിത്രീകരിക്കുന്നു.



### ആറ്റൂർ വഴികൾ (കവിതാപഠനങ്ങൾ)

**എഡി: വി.യു. സുരേന്ദ്രൻ**
**വില: 185.00 പേജ്: 200**
**ഗ്രീൻ ബുക്സ്**


കവി ആറ്റൂർ രവിവർമയുടെ കാവ്യജീവിതത്തെക്കുറിച്ചുള്ള നിരൂപകരുടെ സമഗ്രമായ കാഴ്ചപ്പാടുകൾ. ഡോ.എം. ഗംഗാധരൻ, ആർ. നരേന്ദ്രപ്രസാദ്, ഡോ. കെ.എസ്. രവികുമാർ, ഡോ.ആർ. വിശ്വനാഥൻ, കൽപറ്റ നാരായണൻ, ടി.ടി. പ്രഭാകരൻ എന്നിവരുടെ ലേഖനങ്ങൾ.



### മരീചിക

**ബെന്യാമിൻ**
**വില: 65.00 പേജ്:66**
**ഹരിതം ബുക്സ്**

ബെന്യാമിൻെറ രണ്ട് പ്രണയനോവലുകൾ. മരീചികയിലെ കവ്ള എന്ന അറബി പെൺകുട്ടി ബെന്യാമിനൊപ്പം തന്നെ വായനക്കാരുടെ മനസ്സുകളിലും പ്രണയത്തിൻെറ നൂറുപൂക്കൾ വിരിയിക്കുന്നു.



### പേരായ നിന്നെയിഹ

**ശ്രീജിത്ത് പെരുന്തച്ചൻ**
**വില: 75.00 പേജ്:80**
**പൂർണ പബ്ലിക്കേഷൻസ്**

പേരുകളുടെ വേരു തേടിയുള്ള യാത്ര. പ്രശസ്തമായ സിനിമകളുടെ പേരുകൾ വന്നതിൻെറയും മക്കൾക്കും വീടിനും കൗതുകകരമായ പേരുകളിട്ടതിൻെറയും കഥ പറയുന്നു. സംവിധായകൻ രഞ്ജിതിൻെറ അവതാരിക.



### ഓമനത്തിങ്കൾ

**ഇരയിമ്മൻ തമ്പി**
**വില: 100.00 പേജ്: 68**
**കേരള സംഗീത നാടക അക്കാദമി**


ഇരയിമ്മൻ തമ്പിയുടെ ഗാനങ്ങളുടെയും കൃതികളുടെയും പദങ്ങളുടെയും സമാഹാരം പുനഃപ്രസിദ്ധീകരിക്കുന്നു. സംഗീതഗവേഷകർക്കും വിദ്യാർഥികൾക്കും ഏറെ പ്രയോജനപ്പെടുന്ന ഗ്രന്ഥം.



### ബഹുസ്വരതയും ഇന്ത്യൻ മുസ്‍ലിംകളും

**ഡോ.എഫ്.ആർ. ഫരീദി**
**വിവ. അശ്റഫ് കീഴുപറമ്പ്**
**വില: 80.00 പേജ്: 78, ഐ.പി.എച്ച്**

മുസ്‍ലിംകൾ പൊതുവിലും ഇന്ത്യൻ മുസ്‍ലിംകൾ സവിശേഷമായും ബഹുസ്വരതയോട് എന്ത് നിലപാട് സ്വീകരിക്കണമെന്ന് ഇസ്‍ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാക്കുന്ന കൃതി.



### മൂന്ന് വൃക്കമാറ്റലുകളിലൂടെ അരിച്ചെടുത്ത ജീവിതം

**ബഷീർ.ടി.ടി**
**വില: 100.00 പേജ്: 111**
**വചനം ബുക്സ്**

മൂന്ന് തവണയായി നടന്ന വൃക്കമാറ്റലുകളിലൂടെ അനുഭവിച്ച കടുത്ത പരീക്ഷണങ്ങളെ അതിജീവിച്ചതിൻെറ സ്മൃതിചിത്രം. മാരകരോഗങ്ങൾ കൊണ്ട് പ്രയാസപ്പെടുന്നവർക്ക് ആശ്വാസം പകരുന്നു.

യാത്ര



1959ൽ ചൈന നടത്തിയ അധിനിവേശത്തെ തുടർന്ന് തിബത്തിൽ നിന്ന് പലായനം ചെയ്ത് ഇന്ത്യയിലെത്തിയവർക്ക് ഒരുക്കിയ ഏറ്റവും വലിയ അഭയാർഥി കേന്ദ്രമായ ധരംശാലയിലേക്കുള്ള യാത്ര

# ഇന്ത്യൻ തിബത്തിൽ

• മക് ലോഡ് ഗഞ്ചിലെ മുഖ്യ തെരുവ്

**യാസ്മിൻ എൻ.കെ.**

പേരുകൊണ്ട് ഒരു ദേശത്തെ ഇഷ്ടപ്പെടുക! ഒരിക്കലെങ്കിലും ആ ദേശത്ത് കാലുകുത്തണമെന്ന് സ്വപ്നം കാണുക. വിദൂരമായ ഒരു നഗരം തൻെറ വ്യത്യസ്തമായ പേരുകൊണ്ട് സഞ്ചാരികളെ മാടിവിളിക്കുന്ന അദ്ഭുതമായിരുന്നു മക് ലോഡ് ഗഞ്ച്. ഹിമാചൽപ്രദേശിലെ കാംഗ്ര ജില്ലയിലെ പ്രധാന നഗരമായ ധരംശാലക്കടുത്താണ് മക് ലോഡ് ഗഞ്ച് എന്ന ചെറുപട്ടണം. മഞ്ഞ് മൂടിയ ദലൗദാർ മലനിരകൾക്കിടയിൽ ബഹളമേതുമില്ലാതെ അടങ്ങിക്കിടക്കുന്നൊരു കൊച്ചുസ്ഥലം.

മണാലിയിൽനിന്നും ഇരുനൂറ്റമ്പതോളം കിലോമീറ്ററുണ്ട് ധരംശാലയിലേക്ക്. മൺപള്ളകളെ തുരന്നുണ്ടാക്കിയ വീതി കുറഞ്ഞ് വളഞ്ഞും പുളഞ്ഞും പോകുന്ന റോഡിലൂടെ വണ്ടി പായുമ്പോൾ ഭീതി തോന്നും. ഇളകിക്കിടക്കുന്ന മൺകുന്നുകളാണ് ചുറ്റിനും. കാറ്റിലും മഴയിലും ഉതിർന്ന് തീരുന്ന ചെമ്മൺകുന്നുകൾ. ഇടക്ക് വലിയ ഉരുളൻകല്ലുകൾ റോഡിലേക്ക് വീണു കിടക്കുന്നത് കാണാം. ബീർബലി എന്ന സ്ഥലത്തെത്തിയപ്പോൾ ആകാശത്ത് വട്ടമിട്ട് പറക്കുന്ന ഗ്ലൈഡറുകൾ. പാരാഗ്ലൈഡിങ്ങിനു പ്രസിദ്ധമാണ് ബീർബലി. പാരാഗ്ലൈഡിങ്ങിൻെറ ദേശീയ മഹോത്സവം നടക്കാറുണ്ട് ബീർബലിയിൽ. നിറയെ പൂക്കളാണു താഴ്വര മുഴുവൻ. ചുവപ്പും വെള്ളയും മഞ്ഞയും നീലയുമൊക്കെയായി കുഞ്ഞുകുഞ്ഞു പൂക്കൾ വിടർന്ന് നിൽക്കുന്ന കാഴ്ച അതിമനോഹരമാണ്. കുന്നിൻചരിവുകളിൽ നിറയെ കൊന്ന പൂത്തിരിക്കുന്നു. അതുപോലെ പേരറിയാത്ത ഒരുപാട് മരങ്ങൾ, ഇരുണ്ട പച്ച, കടുംപച്ച, ഇളം പച്ച എന്നിങ്ങനെ പച്ചയുടെ മാമാങ്കം.

ധരംശാലയിൽനിന്നും വളരെയടുത്താണ് മക് ലോഡ് ഗഞ്ച്. തിബത്തുകാർ ഇതിനെ ലിറ്റിൽ ലാസ എന്നും വിളിക്കുന്നു. ബ്രിട്ടീഷുകാരുടെ വേനൽക്കാല തലസ്ഥാനമായിരുന്നു ഒരുകാലത്ത് മക് ലോഡ് ഗഞ്ച്. ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന മക് ലോഡ് പ്രഭുവിൻെറ നാമമാണ് ഈ പട്ടണത്തിന്. ഫോൺസിത്ത് ഗഞ്ച്, മക് ലോഡ് ഗഞ്ച് എന്നീ അടുത്തടുത്ത് കിടക്കുന്ന രണ്ട് പ്രദേശങ്ങൾ ചേർന്നതാണ് മക് ലോഡ് ഗഞ്ച്.

ബ്രിട്ടീഷ് ഗവൺമെൻറിൽ ഗവർണർ ജനറലായിരുന്ന ജെയിംസ് ബ്രൂസ് എന്ന ലോർഡ് എലിജിൻെറ ശവക്കല്ലറ സ്ഥിതിചെയ്യുന്നത് ഫോൺസീത് ഗഞ്ചിലെ പുരാതനപള്ളിയായ സെൻറ് ജോർജ് ഇൻ ദ വൈൽഡർനെസിലാണ്. അദ്ദേഹത്തിൻെറ അന്ത്യാഭിലാഷമായിരുന്നത്രെ സെൻറ് ജോർജ് ഇൻ ദ വൈൽഡർനെസിലെ ദേവദാരു മരങ്ങൾക്കിടയിൽ അകലെ കാണുന്ന മഞ്ഞുമലകളെ നോക്കി ഉറങ്ങണമെന്നത്. കല്ലറകൾ മിക്കതും നാശോന്മുഖമാണ്. കരിങ്കൽപാളികൾകൊണ്ട് പണിത പടുകൂറ്റൻ പള്ളിയാണ് സെൻറ് ജോർജ് ചർച്ച്. ചർച്ചിലെ മണിയടി പത്തിരുപത് കിലോമീറ്റർ അകലെനിന്നു പോലും കേൾക്കാമായിരുന്നത്രെ. 1905ൽ കാംഗ്ര പ്രവിശ്യയിലുണ്ടായ ഭൂകമ്പത്തിൽ ചർച്ച് വിണ്ടുകീറിയിരുന്നു. പിന്നീട് പുനർനിർമിക്കപ്പെടുകയായിരുന്നു. മക് ലോഡ് ഗഞ്ചിലെത്തുമ്പോൾ മഴയായിരുന്നു. കരിങ്കൽപാളികൾ പതിച്ച നടപ്പാതയിലൂടെ മഴച്ചാറ്റൽകൊണ്ട് നടക്കുമ്പോൾ അകലെ സുങ്‌ലക് കാങ് (Tsugleg khang) ടെംപിളിൻെറ ഗോപുരം കാണാമായിരുന്നു. തിബത്തിനു പുറത്തുള്ള ഏറ്റവും വലിയ ബുദ്ധക്ഷേത്രമാണിത്. അമ്പലത്തിനു പിന്നിൽ അങ്ങകലെ മഞ്ഞ് മൂടിക്കിടക്കുന്ന ഹനുമാൻ കാ ടിബ്ബ എന്ന കൊടുമുടി.

1959ൽ ചൈനയിലെ കമ്യൂണിസ്റ്റ് ഗവൺമെൻറ് തിബത്തിനെ ആക്രമിക്കുകയും തിബത്തിനെ ചൈനയിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ ദലൈലാമ ടെൻസിൻ ഗിയാസ്റ്റോയും അനുയായികളും ഇന്ത്യയിലേക്ക് പലായനം ചെയ്തു. ഇന്ത്യാ ഗവൺമെൻറ് അവർക്ക് വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും ഹിമാചൽപ്രദേശിലെ ധരംശാലയിൽ അവർക്കായി സെറ്റിൽമെൻറ് ഒരുക്കുകയും ചെയ്തു. കുടകിലെ ബൈലക്കുപ്പയിൽ സ്ഥിതിചെയ്യുന്ന ഗോൾഡൻ ടെംപിൾ ഈ ശ്രേണിയിലെ രണ്ടാമത്തെ വലിയ സെറ്റിൽമെൻറാണ്.

നിരനിരയായി സ്ഥാപിച്ച പ്രാർഥനാചക്രങ്ങളാണ് അമ്പലത്തിനു പുറത്ത്, അവ പിടിച്ചുതിരിച്ച് പ്രാർഥിക്കുന്ന ഭക്തജനങ്ങൾ. ഒരുവട്ടം തിരിച്ച് പ്രാർഥന ഉരുവിട്ടാൽ നിരവധിതവണ പ്രാർഥന ഉരുവിട്ട ഫലം ആണെന്നാണ് വിശ്വാസം. ടെംപിളിനകത്ത് മഞ്ഞ നിറത്തിലുള്ള മൂന്ന് കൂറ്റൻ പ്രതിമകൾ; കണ്ടാൽ മൂന്നും ഒരേപോലുണ്ട്. അത് മൂന്നും ഒരാളല്ലെന്നും മറിച്ച് ശാക്യമുനി, അവലോകിതേശ്വരൻ, ഗുരു റിമ്പോച്ചെ എന്നിവരാണെന്നും അമ്പലത്തിനകത്തെ സന്യാസി വിശദീകരിച്ചു തന്നു. അമ്പലത്തിൻെറ വശത്ത് തിബത്തൻ മ്യൂസിയവും ലൈബ്രറിയുമുണ്ട്. ചൈനീസ് അധിനിവേശത്തിൻെറയും അവർ തിബത്തൻ ജനതയോട് ചെയ്ത ക്രൂരതകളുടെയും അവശേഷിപ്പുകളാണ് മ്യൂസിയം നിറയെ. തൊട്ടടുത്താണ് ദലൈലാമയുടെ വസതി.

നിരത്തിൻെറ ഇരുവശത്തും തിബത്തൻ കരകൗശലവസ്തുക്കൾ വിൽക്കുന്ന കടകളാണ്. പ്രാർഥനാചക്രങ്ങൾ, മണികൾ, മാലകൾ, ബുദ്ധവിഗ്രഹങ്ങൾ തുടങ്ങിയവ നിരത്തിവെച്ചിരിക്കുന്നതും നോക്കി കടകൾക്കിടയിലൂടെ ഇടുങ്ങിയ വഴികളിലേക്കിറങ്ങി. ഇരുവശത്തും നിറയെ കൊച്ചുകൊച്ച് മുറികളാണ്. ഉയരം കുറഞ്ഞ മേശക്ക് പിന്നിൽ ചമ്രം പടിഞ്ഞിരുന്ന് മുന്നിൽ നിവർത്തിയിട്ട മഞ്ഞയും വെള്ളയും നിറമുള്ള പട്ടുതുണികളിൽ ശ്രദ്ധയോടെ പ്രാർഥനാവചനങ്ങൾ എഴുതുന്ന ആളുകൾ. അവർക്കിതൊരു നേർച്ചയാണ്. ഈ പട്ടുതുണികൾ തെരുവോരങ്ങളിൽ കൊടിക്കൂറകളായി തൂക്കും. സിൽക്കിൻെറ തുണിയിൽ അതീവചാരുതയോടെ പെയിൻറിങ് ചെയ്യുന്ന ആളുകളുമുണ്ട്. ഈ പെയിൻറിങ്ങുകൾ താൻഗ എന്നാണ് അറിയപ്പെടുന്നത്. ഇവ ബുദ്ധമതപഠനത്തിനും അമ്പലത്തിനകത്ത് അലങ്കരിക്കാനും ഉപയോഗിക്കുന്നു.

തൻെറ മുന്നിൽ വിരിച്ച തുണിയിൽ അതീവശ്രദ്ധയോടെ വിവിധ രൂപങ്ങൾ വരച്ചെടുക്കുന്ന വൃദ്ധൻെറ മുന്നിൽ ഞങ്ങൾ ചമ്രംപടിഞ്ഞിരുന്നു. സാധാരണയായി ഒരു താൻഗ തുടർച്ചയായ സംഭവങ്ങളുടെ ആഖ്യാനമല്ലെന്നും മറിച്ച് വ്യത്യസ്ത സംഭവങ്ങളുടെ, ആശയങ്ങളുടെ ആകത്തുകയാണെന്നും വൃദ്ധൻ വിശദീകരിച്ചു.

വൈകുന്നേരം, കോട്വാലി ബസാറിലെ തിരക്കിലൂടെ തിങ്ങിനിറഞ്ഞ കടകളിൽ കയറിയിറങ്ങി ഷാളുകൾക്കും കമ്പളങ്ങൾക്കും വിലചോദിച്ച്, വഴിവക്കിലൊരിടത്ത് കനലിൽ ചോളം ചുട്ടെടുക്കുന്ന ബാലനോട് കുശലം പറഞ്ഞ്, പാനിപൂരി വിൽക്കുന്ന കടക്ക് മുന്നിലൂടെ, റോഡിലേക്കിറക്കി കെട്ടിയ കടയിൽവെച്ച് മോമോയുണ്ടാക്കുന്നതും നോക്കി നിന്ന് വാങ്ങണോ വേണ്ടയോയെന്ന് സംശയിച്ച്, തനിക്ക് മുന്നിൽവെച്ച പെട്ടിയിൽനിന്നും വിവിധ എണ്ണകളും ലേഹ്യങ്ങളും പുറത്തെടുത്ത് അവയുടെ മഹത്ത്വം വിളിച്ചുപറയുന്ന ആജാനുബാഹുവായ ലാടവൈദ്യൻെറ മുന്നിൽ അലസമായി ഒരു നടത്തം. നഗരചത്വരത്തിലെ നന്നേ ചെറിയ പാർക്കിൽ നനഞ്ഞുകിടക്കുന്ന സിമൻറ് ബെഞ്ചിലിരുന്ന് തൊട്ടപ്പുറത്തെ ടൂറിസം ഇൻഫർമേഷൻ ഓഫിസിനു മുന്നിൽ അരങ്ങേറുന്ന ഹിമാചലിലെ നാടോടിസംഘത്തിൻെറ പാട്ടിനും നൃത്തത്തിനും കാതോർത്ത്, താഴ്വരകൾക്കപ്പുറത്ത് നിവർന്നുകിടക്കുന്ന മഞ്ഞുമലകളെ നോക്കിയിരിക്കുമ്പോൾ ഉള്ളിലൂറുന്ന അവാച്യമായ അനുഭൂതി. പഴയ കാഴ്ചകളൊക്കെയും പുതിയൊരു കണ്ണിലൂടെ നോക്കിക്കാണാനുള്ള എളിമ. അതുതന്നെയാണ് ഓരോ യാത്രയും ബാക്കിവെക്കുന്നതും •



കവിത

# കല്ലുകൾ... കാലടികൾ...

**സുനിൽ കൃഷ്ണൻ**

വലിയ വലിയ കാലടികൾ
കയറിപ്പോയിരിക്കുന്നതു നോക്കി
വലിയ വലിയ മലകളിലേക്കാണ്
അതു പോയിരിക്കുന്നത്
വലിയ കാലടികൾക്ക് ചുറ്റും
അവിടവിടെയായി ചെറു ചെറു കാലടികൾ
പതിഞ്ഞും പതിയാതെയുമുണ്ട്.
വലിയ കാലടികളുടെ കൂടെ മലകൾ
ഇറങ്ങിപ്പോന്നിരുന്നെങ്കിൽ !!!
എന്നാൽ, അങ്ങനെ സംഭവിച്ചതേയില്ല
കുന്നിറങ്ങിയവർക്കൊപ്പം
അവർമാത്രം ഇറങ്ങി
കുന്നുകളിൽനിന്നും
ഒന്നോ രണ്ടോ കല്ലുകൾ കൊണ്ടുവന്ന്
അവിടെ ഇവിടെ ഇട്ടിട്ടുപോയി
അപ്പൻെറപ്പൻ നാട്ടിയ കല്ലിനായി
ഞങ്ങൾ ചേരിതിരിഞ്ഞ് തല്ലുന്നു.
•

ഫോട്ടോഗ്രഫി

വൈദികവൃത്തിയുടെയും അധ്യാപനത്തിൻെറയും തിരക്കിനിടെ കാടും മേടും താണ്ടി, തുടിക്കുന്ന ജീവനോടെ പ്രകൃതിയെയും പക്ഷികളെയും ഫ്രെയിമിലൊപ്പുന്ന ഫാദർ പത്രോസിൻെറ വേറിട്ട ജീവിതം

# പ്രകൃതിചിത്രങ്ങളുടെ ഇടയൻ



● ഫാദർ പത്രോസ്

ഡെന്നി പുലിക്കോട്ടിൽ

ബന്ദിപ്പൂരിൽവെച്ച് കരടിയെ മുഖാമുഖം കണ്ടതും കൊമ്പൻ തൻെറ നേരേ പാഞ്ഞടുത്തതും സ്വാരസ് ക്രയിൻെറ പടമെടുക്കാൻ മൂന്നുവട്ടം ആഗ്രയിലേക്ക് തിരിച്ചതിനെക്കുറിച്ചുമൊക്കെ ചോദിച്ചാൽ കുന്നംകുളത്തെ ഫാദർ പത്രോസ് ഒന്നു ചിരിക്കും. ഒപ്പം, പലപ്പോഴും തനിക്ക് ജീവനെക്കാൾ പ്രധാനം ഫോട്ടോയാണെന്ന മറുപടിയുമുണ്ടാവും. വൈൽഡ്‌ലൈഫ് ഫോട്ടോഗ്രഫിയിൽ ചുരുങ്ങിയ കാലംകൊണ്ടുതന്നെ തൻേറതായ ഇടവും പേരും കണ്ടെത്തിയ ഫാദർ ശ്രദ്ധേയമായ പല ഫോട്ടോകളും ഇതിനകം കണ്ടെത്തിക്കഴിഞ്ഞു. ഓരോ ചിത്രത്തിനു പിന്നിലും കാത്തിരിപ്പിൻെറയും ക്ഷമയുടെയും സാഹസികതയുടെയും കഥകൾകൂടി അദ്ദേഹത്തിന് പറയാനുണ്ട്.

എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഫാദർ ഫോട്ടോയെടുത്ത് തുടങ്ങുന്നത്. അങ്കിളിൻെറ പഴയ കാമറയിൽ കൊഡാക്ക് ഫിലിം ഉപയോഗിച്ചായിരുന്നു തുടക്കം. പ്രായത്തിനൊപ്പം ഫോട്ടോഗ്രഫിയിലെ താൽപര്യവും അതിൻെറ ഗൗരവവും വളർന്നു. ഇപ്പോൾ കുന്നംകുളം ബഥനി സ്കൂളിൻെറ പ്രിൻസിപ്പലായ ഫാദർ മുഴുസമയ ഫോട്ടോഗ്രഫിയിലേക്ക് തിരിഞ്ഞിട്ട് വർഷം നാലാകുന്നേയുള്ളൂ. കുന്നംകുളത്തെത്തിയശേഷമാണ് അദ്ദേഹം ഫോട്ടോഗ്രഫിയിലും അതിൽതന്നെ പക്ഷികളുടെ ചിത്രങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുതുടങ്ങിയത്. കുന്നംകുളത്തെ വിശാലമായ കോൾപാടങ്ങളാണ് തന്നെ പക്ഷിനിരീക്ഷകനും ഫോട്ടോഗ്രാഫറുമാക്കിയതെന്ന് ഫാദർ പറയും. ദേശാടനപക്ഷികളുടെയും സ്വദേശി പക്ഷികളുടെയുമൊക്കെ പറുദീസയാണ്



● മൈനക്കൂട്ടം

ഈ കോൾപാടങ്ങൾ. നഗരസഭാ പ്രദേശമായ 'കാക്കത്തുരുത്തി'ലെത്താത്ത പക്ഷികൾ കുറവാണെന്നുതന്നെ പറയാം. നീർകാക്കകളുടെ തട്ടകമാണിവിടം. തൻെറ ശേഖരത്തിലെ പല ചിത്രങ്ങളും ഇവിടെനിന്ന് ലഭിച്ചതാണെന്ന് ഫാദർ പറയുന്നു.

പക്ഷേ, അപൂർവ ചിത്രങ്ങൾ തേടിയുള്ള അദ്ദേഹത്തിൻെറ യാത്ര ഇന്ത്യ മുഴുവൻ നീളുന്നതാണ്. പ്രിൻസിപ്പൽ എന്ന ഭാരിച്ച ഉത്തരവാദിത്തമുള്ളതിനാൽ അവധി ദിവസങ്ങളിലാണ് യാത്രകൾ. നീണ്ട യാത്രകൾ ഏപ്രിൽ, മേയ് മാസങ്ങളിലും. തൂത്തുക്കുടി, ആഗ്ര, ബന്ദിപ്പൂർ, ഭരത്പൂർ, ഡറാഡൂൺ, ഹരിദ്വാർ, ഋഷികേശ്, മൂന്നാർ, തേക്കടി, വയനാട് എന്നിവിടങ്ങളിൽ നിന്നെല്ലാം ഫാദറിൻെറ കാമറയിൽ ക്ലിക്കുകൾ പതിഞ്ഞിട്ടുണ്ട്. ഫോട്ടോകൾക്കായി അദ്ദേഹം നേപ്പാളിലും യാത്രചെയ്തിട്ടുണ്ട്. ചില സമയങ്ങളിൽ നമ്മെ അമ്പരപ്പിക്കുന്ന കാഴ്ചകൾ നമുക്കുചുറ്റും തന്നെ നടക്കാറുണ്ടെന്നും അത് പകർത്താനായാൽ മികച്ച ചിത്രങ്ങൾ സ്വന്തമാവുമെന്നും ഫാദർ പറയുന്നു. ഒരിക്കൽ ബഥനി സ്കൂൾ കോമ്പൗണ്ടിൽവെച്ച് തനിക്ക് ലഭിച്ച ചിത്രം അത്തരത്തിലൊന്നാണെന്നും അദ്ദേഹം പറയുന്നു. മറഞ്ഞിരുന്ന ഓന്തിനെ ഇരയാക്കുന്ന ഒരു കാക്കയുടെ ചിത്രമാണത്. ഏകദേശം രണ്ടര മണിക്കൂർ നീണ്ട കാത്തിരിപ്പിനൊടുവിലാണ് ആ ചിത്രം ലഭിക്കുന്നത്. സ്വാരസ് ക്രയിൻെറ ചിത്രമെടുക്കാൻ മൂന്നു തവണയാണ് ഫാദർ ആഗ്രയിലെ കിയാലാഡോ നാഷനൽ പാർക്കിലേക്ക് വണ്ടികയറിയത്. ഒടുവിൽ മൂന്നാമൂഴത്തിൽ സ്വാരസ് ക്രയിൻ ഫാദറിൻെറ കാമറയിൽ കീഴടങ്ങി.

ലാപ്‌വിങ് എന്ന നീർപക്ഷി ഫോട്ടോഗ്രാഫർ എന്നനിലയിൽ തൻെറ ശത്രുവെന്നാണ് ഫാദറിൻെറ തമാശ. ലാപ്‌വിങ് ഉള്ള ഭാഗത്ത് ഫോട്ടോയെടുക്കാൻ പോകുമ്പോൾ അതിനെയൊന്ന് 'ബഹുമാനിക്കണ'മെന്നാണ് ഫാദറിൻെറ



● ടെയ്‌ലർ ബേർഡ്

അനുഭവം. മറ്റൊന്നുമല്ല, തുടർച്ചയായി ശബ്ദമുണ്ടാക്കി മറ്റു പക്ഷികളെ ഓടിക്കലാണ് കക്ഷിയുടെ പ്രധാന ഹോബി. ഫോട്ടോക്കുള്ള യാത്രകളിൽ ഏറ്റവുമധികം ഒളിച്ചുനടന്നിട്ടുള്ളത് ലാപ്‌വിങ്ങിനെ കാണുമ്പോഴാണെന്നും ഇതുള്ള സ്ഥലങ്ങളിൽക്കൂടി ഫോട്ടോഗ്രാഫർ മാറി നടക്കണമെന്നുമാണ് അദ്ദേഹത്തിൻെറ നിർദേശം. ഫ്ലെമിങ്ങിൻെറ ഫോട്ടോയെടുക്കാൻ തിരുനെൽവേലിയിൽ പോയപ്പോൾ ലാപ്‌വിങ്ങും ചോരക്കാലിയെന്ന മറ്റൊരു പക്ഷിയും കൂടി ഫാദറിനെ കുറച്ചുമൊന്നുമല്ല ചുറ്റിച്ചത്. രണ്ടിൻെറയും കൺമുന്നിൽ പെടാതെ, വെട്ടിച്ചാണ് ഫ്ലെമിംഗോയുടെ ചിത്രം പകർത്തിയത്. ആ ഉദ്യമത്തിൻെറ മുഴുവൻ അധ്വാനവും തെളിയുന്ന ചിത്രം തന്നെയായി ഒടുവിലത്. മറ്റൊരു രസകരമായ അനുഭവം ബന്ദിപ്പൂരിൽ വെച്ചെടുത്ത കരടിയുടെ ചിത്രമാണ്. വണ്ടിയിൽ പോകവെ, കരടിയെ കണ്ട് ഫാദർ ചാടിയിറങ്ങി. കരടി തൻെറ നേർക്കുനേരെ വന്നപ്പോഴും അദ്ദേഹം കാമറയിൽ ആ കാഴ്ച പകർത്തുകയാണ്. കരടിയുടെ വേഗം കൂടി, തൻെറ അടുത്തെത്താനായപ്പോഴാണ് പെട്ടെന്ന് ഓടിരക്ഷപ്പെട്ടത്. അന്ന് ഗൈഡുമാരുടെ അടുത്തുനിന്നു കേട്ട വഴക്ക് ഇപ്പോഴും ഓർമയിലുണ്ട്. പക്ഷികളാണ് ഫാദറിൻെറ ഇഷ്ടമേഖലയെങ്കിലും മൃഗങ്ങളെയും അദ്ദേഹം കാമറയിൽ പകർത്താറുണ്ട്. വംശനാശം നേരിടുന്ന പക്ഷിവർ



● ഫ്രാങ്ക്ളിൻ കുഞ്ഞിനോടൊപ്പം

ഗത്തിൽപെട്ട പിപിറ്റ്, നൈറ്റ് ജാർ, ക്രസ്റ്റഡ് ഫിഷ് ഔൾ, പീജിയോൺ, ബാർബിറ്റ് തുടങ്ങിയവയുൾപ്പെടെ മുന്നൂറിലധികം പക്ഷികൾ ഫാദറിൻെറ ഫോട്ടോശേഖരത്തിലുണ്ട്. വ്യത്യസ്തതരം മലയണ്ണാനുകളുടെയും പുള്ളിപ്പുലി, കാണ്ടാമൃഗം, കൊമ്പൻ തുടങ്ങിയ മൃഗങ്ങളുടെയും ചിത്രങ്ങളുമുണ്ട്.

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് കളംപാലയിൽ ജോയി-അച്ചാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായാണ് ഫാദർ പത്രോസിൻെറ ജനനം. ചെറുപ്പം മുതൽ പ്രകൃതിയിലൂടെയുള്ള ഏകാന്തയാത്രകൾ അദ്ദേഹത്തിൻെറ ശീലമായിരുന്നു. മൂന്നാറിലും മറ്റുമൊക്കെ കുന്നും മലയും താണ്ടി മരങ്ങളെയും ജീവജാലങ്ങളെയും അറിഞ്ഞ് ഒറ്റക്കാവും സഞ്ചാരം. തന്നിലെ പ്രകൃതിസ്നേഹിയെയും ഫോട്ടോഗ്രാഫറെയുമൊക്കെ വളർത്തിയത് ഈ സഞ്ചാരമാണെന്നും ഫാദർ പറയുന്നു.

ഫോട്ടോഗ്രഫിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല ഫാദറിൻെറ മേഖലകൾ. ചെറുപ്പം മുതൽതന്നെ ആയോധനകലകളിലും അദ്ദേഹം പരിശീലനം നേടിയിട്ടുണ്ട്. അമ്മയുടെ പിതാവ് നെടുങ്കണ്ടം കൊച്ചുകുന്നേൽ പാപ്പച്ചനാണ് ആയോധന കലകളിൽ ഗുരു. വല്യപ്പച്ചൻ കളരിയാശാനായിരുന്നു. അങ്ങനെ ചെറുപ്പത്തിലേ കളരി അഭ്യസിച്ചു. കരാട്ടേയിലും വല്യപ്പച്ചൻ തന്നെയായിരുന്നു ഗുരു. അഞ്ചു വർഷംകൊണ്ട് ഫാദർ കരാട്ടേ ബ്ലാക്ക്ബെൽറ്റ് പദവി നേടി.

മാവടി സെൻറ് തോമസ്, മഞ്ഞപ്പാറ ക്രിസ്തുരാജ്, നെടുങ്കണ്ടം ജി.വി.എച്ച്.എച്ച്.എസ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷമാണ് റാന്നിയിലെ പെരുനാട് ആശ്രമത്തിലെത്തിയത്. ഇതിനിടെ, ഗ്രാമത്തിലെ ഗ്രന്ഥശാലയുടെ ലൈബ്രേറിയനായി. നെടുങ്കണ്ടം ഓർത്തഡോക്സ് ഇടവക വികാരി ഫാ. മാത്യു ജോണിൽനിന്ന് ലഭിച്ച അറിവാണ് ഇടയവേലക്ക് പ്രചോദനമായത്. തുടർന്ന് 20ാമത്തെ വയസ്സിൽ സന്യാസജീവിതം ആരംഭിച്ചു. ഒരു വർഷത്തെ ആശ്രമ പഠനശേഷമാണ് ഫാദർ പ്ലസ് വൺ പഠനമാരംഭിക്കുന്നത്. പിന്നീട് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽനിന്ന് ബി.എ മലയാളവും ഒരു വർഷത്തെ ഇടവേളക്കുശേഷം എം.എ മലയാളവും നേടി. 2011ൽ കുന്നംകുളത്തെത്തിയ ഫാദർ അക്കിക്കാവ് വിവേകാനന്ദ കോളജിൽനിന്ന് ബി.എഡും പഠിച്ചു. ഇതോടൊപ്പം യോഗ നാച്ചുറോപ്പതി കോഴ്




● ഓന്തിനെ ഇരയാക്കുന്ന കാക്ക ഫാദറിൻെറ കാമറയിൽ

സും പൂർത്തിയാക്കി. 2012ലാണ് കുന്നംകുളം ബഥനി സ്കൂളിൻെറ മേൽനോട്ട ചുമതലയിലെത്തുന്നത്. 2013ൽ സ്കൂളിൻെറ പ്രിൻസിപ്പലുമായി. ഫാദർ ഇപ്പോഴും വിദ്യാർഥിയാണ് എന്നതാണ് മറ്റൊരു കൗതുകം. പാവറട്ടി സംസ്കൃത കോളജിൽ എം.എ സംസ്കൃതം വിദ്യാർഥിയാണ് അദ്ദേഹം.

നിരവധി ഭാഷകളിലും ഫാദർക്ക് പരിജ്ഞാനമുണ്ട്. മലയാളം കൂടാതെ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി, സംസ്കൃതം, പോർചുഗീസ് ഭാഷകളും അറിയാം. നിരവധി പ്രദർശനങ്ങളും വിദ്യാർഥികൾക്കായി ക്ലാസുകളും ഫാദർ സംഘടിപ്പിച്ചിട്ടുണ്ട്. ഫോട്ടോഗ്രഫിയിൽ പ്രചോദനം നൽകുന്ന ഏറെ പേരുണ്ട്. 'ഞാറ്റുവേല' എന്ന വാട്സ്ആപ് കൂട്ടായ്മയാണ് തന്നെ ഏറ്റവും കൂടുതൽ സഹായിക്കുന്നതെന്നും തന്നിലെ ഫോട്ടോഗ്രാഫറെ വളർത്തുന്നതെന്നും ഫാദർ പറയും. സാഹിത്യ-സിനിമ-സാംസ്കാരിക രംഗത്തെ പ്രമുഖരടങ്ങുന്ന ആ ഗ്രൂപ്പാണ് നിരന്തര അന്വേഷണങ്ങളിലൂടെ തന്നെ ഫോട്ടോകളിലേക്ക് എത്തിക്കുന്നത്. 'പുതിയ ഫോട്ടോ ഇല്ലേ' എന്ന ചോദ്യമാണ് ഓരോ ഫോട്ടോയുടെയും പിറവി. മികച്ച കാമറ ഇല്ലാതിരുന്ന തനിക്ക് ഏറെ സൗകര്യങ്ങളുള്ള കാമറ സമ്മാനിച്ചതും ആ ഗ്രൂപ്പിലെ അച്ചുവേട്ടൻ എന്ന വ്യക്തിയാണെന്നും ഫാദർ മനസ്സു തുറക്കുന്നു. അപൂർവ കാനനനിമിഷങ്ങൾക്കായി ഇനിയും കാമറയുമായി കണ്ണുതുറക്കണമെന്നും പ്രകൃതിയെ കൂടുതലറിയാനുള്ള യാത്രകൾ തുടരണമെന്നുമാണ് ഫാദറിൻെറ ആഗ്രഹം. ഫോട്ടോഗ്രഫിക്കൊപ്പം പ്രകൃതിസംരക്ഷണത്തിലും ഫാദർ സജീവമാണ്. ഈ ഭൂമി എല്ലാവർക്കുമുള്ളതാണെന്നും അതിൽ മറ്റൊരുവൻെറ ആവാസവ്യവസ്ഥയെയും അവകാശങ്ങളെയും തട്ടിയെടുക്കരുതെന്നുമാണ് കർത്താവിൻെറ ഈ ഇടയൻ നമ്മോടു പറയുന്നത്.

● പുള്ളിപ്പുലിയെ പകർത്തിയപ്പോൾ



നേട്ടം

കർണാടക സംഗീതത്തിലെ ജാതി ശ്രേണിയെയും പണമോ അധികാരമോ ഇല്ലാത്തവരുടെ അരികുവത്കരണത്തെയും കുറിച്ചാണ് ഈ വർഷത്തെ മഗ്സസെ അവാർഡ് ജേതാവ് ടി.എം. കൃഷ്ണ നിരന്തരം പറയുന്നത്

# കലാപസ്വരം

എ.വി.ഷെറിൻ

ടി.എം. കൃഷ്ണയെ മഗ്സസെ അവാർഡിന് തെരഞ്ഞെടുത്തത് സംഗീതവും കലാപവും ഉള്ളിൽ സൂക്ഷിക്കുന്നവരെയെല്ലാം സന്തോഷിപ്പിക്കും. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ കൃഷ്ണയുടെ ഇടപെടലുകൾ, അഭിമുഖങ്ങൾ, പ്രഭാഷണങ്ങൾ എല്ലാം പാരമ്പര്യത്തിൻെറ അതിരുകൾക്കുള്ളിൽ ഞെരുങ്ങിക്കഴിയുന്ന കർണാടക സംഗീതരംഗത്തെ സഭകളുടെയും ആചാര്യന്മാരുടെയും നെറ്റിചുളിപ്പിച്ചിട്ടുണ്ട്. സഹൃദയലോകം അദ്ദേഹം പാടിയതിലുമേറെ ശ്രദ്ധിച്ചത് പറഞ്ഞതും എഴുതിയതുമാണ്. അതിൽ സംഗീതരംഗത്തുള്ള പലരും വേണ്ടെന്നുകരുതി ഒഴിവാക്കുന്ന കാര്യങ്ങളുടെ തീപ്പൊരിയുണ്ടായിരുന്നു. ആളുകളെക്കുറിച്ചുള്ള മുൻധാരണയിലെ ചതിക്കുഴികളെക്കുറിച്ച് കൃഷ്ണ പലപ്പോഴും പറഞ്ഞിട്ടുണ്ട്. കച്ചേരി കേൾക്കാൻ ലുങ്കിയുമുടുത്ത് ആടിയാടി വന്ന് മാന്യവസ്ത്രധാരികൾക്കൊപ്പം ഇരുന്ന ഒരാളെക്കുറിച്ച് പറഞ്ഞത് ഓർ



● ടി.എം. കൃഷ്ണ

ക്കുന്നു. വിസ്താരം കഴിഞ്ഞപ്പോൾ, അയാൾ കൈയുയർത്തി, 'കാംബോജി സാമീ, കാംബോജി' എന്ന് പറയുന്നു. ആരെയും കണ്ടപാടെ മാർക്കിടരുത് എന്നത് മാത്രമല്ല, പൊതുബോധങ്ങളാൽ പരുവപ്പെട്ടുപോയ മനസ്സ് എത്രമാത്രം വിനാശകരമാണെന്നും അത് പറയുന്നുണ്ട്.

കർണാടക സംഗീതത്തിലെ ജാതി ശ്രേണിയെയും പണമില്ലാത്തവരുടെ, അധികാരത്തിൻെറ ഏതെങ്കിലും അടയാളങ്ങൾ കൈയിലില്ലാത്തവരുടെ അരികുവത്കരണത്തെയും കുറിച്ചാണ് കൃഷ്ണ നിരന്തരം പറയുന്നത്. കർണാടക സംഗീതം ഏറ്റവുമധികം പഴി കേൾക്കേണ്ടിവന്നതും ജാത്യാധികാര ശ്രേണിയുടെ ശേഷിപ്പുകളെക്കുറിച്ചാണ്. അപ്പോഴാണ് കൃഷ്ണയുടെ വാക്കുകൾക്ക് പ്രസക്തിയുണ്ടാകുന്നത്. ഇന്ത്യയിലാകെ ജാതി വിരുദ്ധ പോരാട്ടങ്ങൾ കനക്കുകയും അത്തരം പ്രതിരോധങ്ങളെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്ത സാഹചര്യത്തിലുള്ള ഈ അംഗീകാരം പ്രതിരോധ പോരാട്ടങ്ങൾക്കുള്ള അംഗീകാരമാണ്.

ചിട്ടകൾ തകർക്കാൻ വലിയ പ്രയാസമുള്ള ഒരിടത്ത്, ചിട്ടകളുടെ അർഥശൂന്യതയെക്കുറിച്ച് സംസാരിക്കാൻ കൃഷ്ണക്ക് അടിസ്ഥാനബലം നൽകിയത് ജിദ്ദു കൃഷ്ണമൂർത്തിയുടെ സ്കൂൾ ആണെന്ന് തോന്നുന്നു. കൃഷ്ണമൂർത്തി ഫൗണ്ടേഷൻ സ്കൂളിലാണ് കൃഷ്ണ പഠിച്ചത്. അതാണ് തൻെറ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനമെന്ന് അദ്ദേഹം പലതവണ പറഞ്ഞിട്ടുണ്ട്. കൃഷ്ണയുടെ കലാപബോധങ്ങൾക്കു പിന്നിൽ, ആ സ്കൂളിൻെറയും കൃഷ്ണമൂർത്തിയുടെ ചിന്തയുടെയും കരുത്തുണ്ട്. അതാണ് 'ഞാൻ നിങ്ങളുടെ അൽപത്തങ്ങളോട് രാജിയാകില്ല' എന്ന് പറയാനുള്ള ചങ്കൂറ്റമാകുന്നത്.

'കൃഷ്ണ കലയുടെ രാഷ്ട്രീയത്തെ ചോദ്യംചെയ്തു. കലയിലെ ഉച്ചനീചത്വങ്ങൾക്കെതിരായ നീക്കങ്ങൾ ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇന്ത്യൻ സാമൂഹികാവസ്ഥയുടെ മാറ്റത്തിന് കാരണമാകും എന്ന് തിരിച്ചറിഞ്ഞു. സാധാരണക്കാരന് പങ്കെടുക്കാൻ സാധിക്കില്ല എന്നതിനാൽ, ടിക്കറ്റുവെച്ചുള്ള ചെന്നൈയിലെ വാർഷിക സംഗീതപരിപാടിയിൽ പങ്കെടുക്കില്ലെന്ന് പ്രഖ്യാപിച്ചു. കലയുടെ ജനാധിപത്യവത്കരണത്തിനായാണ് കൃഷ്ണ തൻെറ ജീവിതം സമർപ്പിക്കുന്നത്' എന്നാണ് മഗ്സസെ അവാർഡ് സൈറ്റേഷനിൽ പറയുന്നത്.

കലാപജ്വാലയുമായി എങ്ങനെയാണ് കൃഷ്ണ ഈ മേഖലയിൽ പിടിച്ചുനിന്നതെന്ന് അദ്ഭുതപ്പെടുന്നുണ്ടാകും. അതിന് പിന്തുണയായത് അറിവും കഴിവുമാണ്. ക്ലാസിസിസം മുറ്റിനിൽക്കുന്നതാണ് കൃഷ്ണയുടെ ആലാപനം. ഏത് പാരമ്പര്യവാദിയും ഇതിൽ മുട്ടുമടക്കും. ലയിച്ചുള്ള പാടൽ. ആലാപനം സ്വാതന്ത്ര്യപ്രഖ്യാപനമാണെന്ന് അടിവരയിടുന്ന അംഗവിക്ഷേപങ്ങൾ. സസ്റ്റയ്നിങ് നോട്ടുകളിൽ ചിറകുമുളച്ച് പറന്നുപോകുമെന്ന് തോന്നുംവിധമുള്ള കൈപ്രയോഗങ്ങൾ. 'താന'ത്തിൽ ഇരുന്നുള്ള നൃത്തംപോലുള്ള മുദ്രകൾ. കർണാട്ടിക് കച്ചേരികളിൽ ഇത്രയും സ്വതന്ത്രരാവുന്നവർ അധികമില്ല.

ബാലമുരളീകൃഷ്ണയെപ്പോലെ ശബ്ദംകൊണ്ടുമാത്രം ലോകം തിരിച്ചറിഞ്ഞ ഒരു ആർട്ടിസ്റ്റ് അല്ല ടി.എം. കൃഷ്ണ. സമകാലിക സംഗീതരംഗത്തെ തിളങ്ങുംതാരമായ സഞ്ജയ് സുബ്രഹ്മണ്യത്തെ മറികടന്നുള്ള ആലാപനമികവുമല്ല അതിന് കാരണം. മറിച്ച് രാഷ്ട്രീയബോധവും സാമൂഹികപരതയുമാണ്. ഇതു രണ്ടും കർണാടക സംഗീതത്തിലേക്ക് കയറിവന്നാൽ, ദക്ഷിണേന്ത്യൻ സംഗീതലോകം അടിമുടി മാറുമെന്നതിൽ തർക്കമില്ല. വെറും 40 വയസ്സാണ് ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യൻ കൂടിയായ കൃഷ്ണക്ക് പ്രായം. അത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. അദ്ദേഹത്തിൻെറ സാന്നിധ്യം സംഗീത മേഖലയിലെ വെളിച്ചമായി മാറുമെന്ന് ഉറച്ചുവിശ്വസിക്കുന്നവർ ഏറെയുണ്ട്. ●